നം.കെഎസ്എ-കെടിഎം.പി15/305/2020 തീയതി : 23.03.2020

# കോട്ടയം ജില്ലയിലെ കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

കോട്ടയം ജില്ലയിലെ കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.08.18 മുതൽ 31.01.2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. **18** അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ ബ്ലോക്ക് പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയൊ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

**(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. സാബു ജോസഫ്, സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 28.02.2020 മുതൽ 07.03.2020 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി സുലത ഡി., ഓഡിറ്റ് ഓഫീസർ |
| | ശ്രീ ഷാജിമോൻ പി.ബി., സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ബിനീത് രാജൻ, ഓഡിറ്റർ |
| | |

**ബി) നിർവഹണാധികാരികൾ**

| | | |
|---|---|---|
| പ്രസിഡൻറ് | ശ്രീമതി അന്നമ്മ രാജു | 01.04.18 - 17.09.18 |
| | ശ്രീ കെ എം സുധർമ്മൻ (വൈസ് പ്രസിഡന്റ് ) ഇൻ ചാർജ്ജ് | 18.09.18 - 16.10.18 |
| | ശ്രീമതി പത്മ ചന്ദ്രൻ | 17.10.18 - 31.03.19 |
| ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | ശ്രീ കെ.എം. സുധർമ്മൻ | 01.04.18 - 31.03.18 |
| വികസനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | ശ്രീമതി പത്മ ചന്ദ്രൻ | 01.04.18 – 17.10.18 |
| | ശ്രീമതി ലില്ലിക്കുട്ടി മാത്യു | 23.11.18 –31.03.19 |
| ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | ശ്രീമതി ജാൻസി മാത്യു | 01.04.18 - 31.03.18 |
| | | |

| | | |
|---|---|---|
| ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | ശ്രീ ജോസ് പുത്തൻകാല | 01.04.18 - 31.03.18 |
| സെക്രട്ടറി | ശ്രീ എ വി ജോസ് പ്രകാശ് | 01.04.2018 – 31.05.2018 |
| | ശ്രീമതി സഹിത എം എസ് (ജോയിന്റ് ബി ഡി ഒ) ഇൻ ചാർജ്ജ് | 01.06.18 – 06.06.18 |
| | ശ്രീ എസ് രമേശൻ നായർ | 07.06.2018 – 06.07.2018 |
| | ശ്രീമതി സഹിത എം. എസ് (ജോയിന്റ് ബി ഡി ഒ) ഇൻ ചാർജ്ജ് | 07.07.18 -08.07.18 |
| | ശ്രീ. പി. ആർ. ഷിനോദ് | 09.07.2018 – 31.03.2019 |

**മറ്റ് നിർവഹണോദ്യോഗസ്ഥർ**

| | | |
|---|---|---|
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീമതി സബിത എസ്. വാലുങ്കൽ | 01.04.2018 – 31.03.2019 |
| ഡയറി എക്സ്ടെൻഷൻ ഓഫീസർ | ശ്രീ. ജോഷി ജോസഫ് | 01.04.2018 – 31.07.2018 |
| | ശ്രീ. കെ. മനോഹരൻ | 01.08.2018 – 13.09.2018 |
| | ശ്രീ. വി. സിന്ധു | 14.09.2018 -24.09.2018 |
| | ശ്രീമതി പി. എസ്. സുലോചന | 25.09.2018 – 31.03.2019 |
| കൃഷി അസിസ്റ്റന്റ് ഡയറക്ടർ | ശ്രീമതി എലിസബത്ത് പുന്നൂസ് | 01.04.2018 - 31.03.2019 |
| പട്ടികജാതി വികസന ഓഫീസർ | ശ്രീ. വി. ജി. ഗോപകുമാർ | 01.04.2018 - 31.03.2019 |
| ശിശുവികസന പദ്ധതി ഓഫീസർ | ശ്രീമതി പി.എസ് സുലോചന | 01.04.2018 – 30.04.2018 |
| | ശ്രീമതി അംബിക | 09.07.2018 -31.03.2019 |
| മെഡിക്കൽ ഓഫീസർ, സി എച്ച് സി,അറുനൂറ്റിമംഗലം | ഡോ ബിജു ജോൺ | 01.04.2018 - 31.03.2019 |

**ഉള്ളടക്കം**


| ഭാഗം 1- ഓഡിറ്റ് റിപ്പോർട്ട് | |
|---|---|
| 1-1 | ബജറ്റ് |
| 1-2 | ഫണ്ട് വിനിയോഗം |
| 1-3 | പദ്ധതി അവലോകനം |
| 1-4 | ആഭ്യന്തരനിയന്ത്രണസംവിധാനം |
| 1-5 | ക്യാഷ് വേരിഫിക്കേഷൻ |
| 1-6 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 1-7 | വാർഷിക കണക്കുകളുടെ അവലോകനം |
| 1-8 | രസീത് പരിപാലനം-പൊതുനിർദ്ദേശങ്ങൾ |
| 1-9 | വനിതാ ക്യാന്റീൻ - പ്രവർത്തനരഹിതം |
| 1-10 | കൊയ്ത്ത്മെതി യന്ത്രം - നിലവിൽ ഉപയോഗശൂന്യം |
| 1-11 | ഇ-ടെണ്ടർ-തൻവർഷത്തെ ടെൻഡർ ഫീസ് ബ്ലോക്ക് പഞ്ചായത്തിന്റെ അക്കൗണ്ടിലേയ്ക്ക് മാറ്റിയില്ല |
| 1-12 | കൃഷി അസിസ്റ്റന്റ് ഡയറക്ടർ നടപ്പാക്കിയ പ്രോജക്ടുകളിലെ അപാകതകൾ |

| | |
|---|---|
| 1-13 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ഉന്നതപഠനത്തിനു ധനസഹായം - അധികതുക അനുവദിച്ചു |
| 1-14 | മണിയാഞ്ചിറപാടത്ത് മോട്ടോർപുരയും മോട്ടോറും സ്ഥാപിക്കൽ- നാളിതുവരെ ലക്ഷ്യം കൈവരിച്ചിട്ടില്ല |
| 1-15 | എസ്.സി കോളനിയുടെ അടിസ്ഥാനസൗകര്യ വികസനം – വഴി സൗകര്യമില്ലാത്തതിനാൽ പ്രോജക്ട് നടപ്പാക്കാനായില്ല |
| 1-16(എ) | മനക്കപ്പറമ്പ് - നടൂപ്പറമ്പ് എസ്.സി. കോളനി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ -അധികതുക ഈടാക്കിയത് സംബന്ധിച്ച് |
| 1-16(ബി) | ആയാംകുടി 17-ാം വാർഡ് വായനശാല പുതുശേരിക്കര റോഡ് തൊണ്ടുങ്കൽ വരവുകാലാ - റോഡ് പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ -പ്രോജക്ട് സംബന്ധിച്ച് |
| 1-17 | എെ.എസ്.ഒ. സർട്ടിഫിക്കേഷൻ - ഫർണിച്ചർ വാങ്ങൽ സംബന്ധിച്ച് |
| 1-18 | ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകൽ – അംഗീകൃത പ്രോജക്ടിൽ നിന്ന് വ്യതിചലിച്ച് തുക ചെലവഴിച്ചു |
| 1-19 | സ്ഥലമെടുപ്പ് വിജ്ഞാപനത്തിന് പരസ്യചാർജ് നൽകിയത് – സംബന്ധിച്ച് |
| 1-20 | ഭിന്നശേഷിക്കാർക്ക് മുച്ചക്രവാഹനം – ഗുണഭോക്താക്കൾ ലൈസൻസ് നേടിയിട്ടില്ല |
| 1-21 | കടുത്തുരുത്തി ഗ്രാമ പഞ്ചായത്ത് വയോജന വിശ്രമ മന്ദിരം – പ്രോജക്ട് ലക്ഷ്യം കൈവരിച്ചിട്ടില്ല |
| 1-22 | വിനിയോഗ വിവരം ലഭ്യമായില്ല- ചെലവ് തടസ്സപ്പെടുത്തുന്നു |
| 1-23 | കാടാശ്ശേരി കോളനിയുടെ അടിസ്ഥാനസൗകര്യവികസനം – നടപടിക്രമങ്ങളിൽ അപാകതകൾ |
| **ഭാഗം 2 – വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന വരവ് സംബന്ധമായ ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 2-1 | വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ |
| **ഭാഗം 3 – വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ചെലവ് സംബന്ധമായ ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 3-1 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ഉന്നതപഠനത്തിനു ധനസഹായം - മാർഗ്ഗരേഖാനിർദ്ദേശത്തിനു വിരുദ്ധമായി അധികതുക അനുവദിച്ചു |
| 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് |
| 4-4 | വായ്പ/ വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. |
| 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| അനുബന്ധം1 | ഓഡിറ്റ് സാക്ഷ്യപത്രം |
| അനുബന്ധം2 | ബാലൻസ് ഷീറ്റ് |
| അനുബന്ധം3 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് |
| അനുബന്ധം4 | റെസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ് |


## ഭാഗം -1
## ഓഡിറ്റ് റിപ്പോർട്ട്.

# 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 15-03-2018 തീയതിയിലെ 1-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രതീക്ഷ | യഥാർത്ഥം |
|---|---|---|
| മുന്നിരിപ്പ് | 60,242,727 | 15,038,557 |
| വരവ് | 208,311,500 | 67,468,722 |
| ആകെ | 268554227 | 82,507,279 |
| ചെലവ് | 267818766 | 74,185,105 |
| നീക്കിയിരിപ്പ് | 735461 | 8,322,174 |

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത തുകകളും യഥാർത്ഥ തുകകളും തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നു. പഞ്ചായത്ത് രാജ് നിയമത്തിലെ വ്യവസ്ഥകൾ കൃത്യമായി പാലിച്ചുകൊണ്ടും ബ്ലോക്ക് പഞ്ചായത്തിന്റെ യഥാർത്ഥമായ ധനസ്ഥിതി വിലയിരുത്തിയും അല്ല ബജറ്റ് തയ്യാറാക്കിയതെന്ന് ഇതിൽ നിന്നും വ്യക്തമാകുന്നു. ബജറ്റ് തയ്യാറാക്കുന്നതിനു ബാധകമായ ചട്ടങ്ങൾ പാലിക്കേണ്ടതും യാഥാർത്ഥ്യബോധത്തോടെ ബജറ്റ് തയ്യാറാക്കേണ്ടതുമാണ്.

# 1-2 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് (എ.സി.ആർ. പ്രകാരം) | ആകെ | ചെലവ് | സഞ്ചിത നിധിയിലേക്ക് തിരികെ ഈടാക്കിയത് |
|---|---|---|---|---|---|
| വികസന ഫണ്ട്- പൊതുവിഭാഗം | 0 | 31286000 | 31286000 | 25513156 | 5772844 |
| വികസന ഫണ്ട്- എസ്.സി.പി | 0 | 144,04,000 | 144,04,000 | 1,07,64,831 | 36,39,169 |
| വികസന ഫണ്ട്- ടി.എസ്.പി | 0 | 2,87,000 | 2,87,000 | 2,87,000 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 37,10,000 | 37,10,000 | 37,10,000 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 942714 | 4012000 | 4954714 | 2001431 | 2953283 |

# 1-3 പദ്ധതി അവലോകനം

<u>വാർഷികപദ്ധതി</u>

2018-19 പദ്ധതി ആസൂത്രണത്തിന്റെ പ്രാഥമികഘട്ടമായി ആസൂത്രണസമിതി പുനസംഘടിപ്പിക്കുകയും വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിക്കുകയും വികസനരേഖ തയ്യാറാക്കുകയും ചെയ്തിട്ടുണ്ടെങ്കിലും ഇതിനു തുടർച്ചയായി പാലിക്കേണ്ട

ആസൂത്രണരീതികളും നിബന്ധനകളും സംബന്ധിച്ച മാർഗ്ഗരേഖാ ഉത്തരവിലെ നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിച്ചിട്ടില്ല. പദ്ധതി രൂപീകരണത്തിൽ മുഖ്യപങ്ക് വഹിക്കേണ്ട വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായിരുന്നില്ല എന്നാണ് ഇവയുടെ മിനിറ്റ്സ് പരിശോധിച്ചതിൽനിന്നും വ്യക്തമാകുന്നത്. പദ്ധതി ആസൂത്രണവും രൂപീകരണവുമായി ബന്ധപ്പെട്ട പ്രവർത്തനഘട്ടങ്ങളുടെ സമയക്രമം താഴെ ചേർക്കുന്നു.

| | |
|---|---|
| ആസൂത്രണസമിതിയോഗം | 28-12-17 |
| വർക്കിംഗ് ഗ്രൂപ്പുകളുടെ പൊതുയോഗം | 9-1-18 |
| സംയുക്തപദ്ധതികൾ സംബന്ധിച്ച ഗ്രാമ,ബ്ലോക്ക് പഞ്ചായത്തുകളുടെ സംയുക്തയോഗം | 7-2-18 |
| ബ്ലോക്ക് ഗ്രാമസഭ | 10-2-18 |
| ഊരുകൂട്ടയോഗം | 14-2-18 |
| വികസനസെമിനാർ | 16-2-18 |

<u>വാർഷികപദ്ധതിയുടെ അംഗീകാരം</u>

വാർഷികപദ്ധതിക്ക് ജില്ലാ ആസൂത്രണസമിതിയുടെ 11-2-2019ലെ 490/18/DPC/DPO/കോട്ടയം നമ്പർ തീരുമാനപ്രകാരം നിർവ്വഹണാംഗീകാരം ലഭിച്ചു. വിവിധ ഫണ്ടുകളിൽ നിന്നായി ആകെ 7,29,19,222/-രൂപ വകയിരുത്തിയിരുന്നു. സ്പിൽ ഓവർ പ്രോജക്ടുകളുൾപ്പെടെ ആകെ 78 പ്രോജക്ടുകൾക്കാണ് തൻവർഷം അംഗീകാരം ലഭിച്ചത്.

അംഗീകാരം കിട്ടിയ പ്രോജക്ടുകളിൽ സ്പിൽ ഓവർ ഉൾപ്പെടെ 61പ്രോജക്ടുകൾ പൂർണ്ണമായോ ഭാഗീകമായോ തൻവർഷം നടപ്പാക്കിയിട്ടുണ്ട്. ആയതിന് വിവിധ സ്രോതസ്സുകളിൽനിന്നായി ആകെ ചെലവ് 41041647/ രൂപ മാത്രമാണ്. പദ്ധതിച്ചെലവ് 56%.

<u>നിർവ്വഹണോദ്യോഗസ്ഥരുടെ ചെലവുവിവരങ്ങൾ</u>

2018-19 വാർഷികപദ്ധതിയിൽ വിവിധ നിർവ്വഹണോദ്യോഗസ്ഥരുടെ ചെലവുവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകാരം കിട്ടിയ പ്രോജക്ടുകൾ<br>വകയിരുത്തിയ തുക | നടപ്പാക്കിയ പ്രോജക്ടുകൾ<br>ചെലവഴിച്ച തുക | ചെലവു ശതമാനം |
|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി | 17<br>2,07,50,041 | 16<br>1,89,83,459 | 91% |
| സി.ഡി.പി.ഒ. | 4<br>27,26,250/- | 4<br>22,74,500/- | 83.42% |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1<br>44,00000 | -<br>0 | |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ | 3<br>11876952/- | 1<br>261544 | 2% |
| അസിസ്റ്റന്റ് എൻജിനീയർ | 46<br>29685309 | 31<br>16373975 | 55% |
| പട്ടികജാതി വികസന ഓഫീസർ | 2<br>1500250 | 2<br>1,282409 | 85.47 |
| കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 1<br>500000 | 1<br>500000 | 100 |
| | | | 100 |

| | | | |
|---|---|---|---|
| ജനറൽ എക്സ്റ്റൻഷൻ ഓഫീസർ | 1<br>80420 | 1<br>80420 | 100 |
| മെഡിക്കൽ ഓഫീസർ, സിഎച്ച്സി അറുനൂറ്റിമംഗലം | 3<br>1400000 | 3<br>1285340 | 100<br>91.81% |
| ആകെ | 72919222 | 41041647 | 56% |

<u>വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം</u>

2018-19 വാർഷികപദ്ധതിയുമായി ബന്ധപ്പെട്ട് ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ 5-12-17-ലെ യോഗതീരുമാനപ്രകാരം മുൻവർഷം വിവിധ വിഷയമേഖലകളിലായി രൂപീകരിച്ചിരുന്ന 12 വർക്കിംഗ് ഗ്രൂപ്പുകളും പുനസംഘടിപ്പിച്ച് അംഗീകരിച്ചു. കൂടാതെ പ്രകൃതിദുരന്തങ്ങൾ നേരിടുന്ന സാഹചര്യങ്ങളുമായി ബന്ധപ്പെട്ട് ദുരന്തനിവാരണം എന്ന പേരിൽ പ്രത്യേക വർക്കിംഗ് ഗ്രൂപ്പും തൻവർഷം രൂപീകരിക്കുകയുണ്ടായി. 2018-19 വാർഷികപദ്ധതിയുമായി ബന്ധപ്പെട്ട് 12 വർക്കിംഗ് ഗ്രൂപ്പുകളും രണ്ട് തവണ മാത്രമേ യോഗം ചേർന്നു കാണുന്നുള്ളൂ. കൃഷിയും അനുബന്ധമേഖലയുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് യോഗം ചേർന്നതിന്റെ മിനിറ്റ്സ് പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല. പല വർക്കിംഗ് ഗ്രൂപ്പുകളുടേയും യോഗങ്ങളിൽ തെരഞ്ഞെടുക്കപ്പെട്ടതിൽ 50%-ൽ താഴെ അംഗങ്ങൾ മാത്രമേ പങ്കെടുത്തിട്ടുള്ളൂ. മിനിറ്റ്സ് ബുക്കിൽ ചർച്ചാവിഷയങ്ങളും തീരുമാനങ്ങളും രേഖപ്പെടുത്താതെയും എഴുതിയിട്ടുള്ളവയിൽ കൺവീനർ സാക്ഷ്യപ്പെടുത്തി ആധികാരികമാക്കാതെയും കാണപ്പെടുന്നു (ഉദാഹരണം - ആരോഗ്യം , വിദ്യാഭ്യാസം, കലയും സംസ്കാരവും, ധനകാര്യം സാമൂഹ്യനീതി മുതലായവ) വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിറ്റ്സ് ബുക്കുകളിൽ യോഗങ്ങളിൽ പങ്കെടുത്തവരുടെ പേര് മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വാർഷികപദ്ധതിയുമായി ബന്ധപ്പെട്ട് പ്രോജക്ട് നിർവ്വഹണത്തിന്റെ മേൽനിരീക്ഷണവും ഇതരചുമതലകളും വർക്കിംഗ് ഗ്രൂപ്പുകൾ നിറവേറ്റിയിട്ടില്ല. പൂർത്തീകരിച്ചിട്ടില്ലാത്ത പ്രോജക്ടുകളുടെ കാര്യത്തിലും പ്രോജക്ട് നല്ല രീതിയിൽ പൂർത്തീകരിച്ചതായി മോണിറ്ററിംഗ് സമിതി റിപ്പോർട്ടെഴുതിയിട്ടുള്ളതായും കാണുന്നു. വർക്കിംഗ് ഗ്രൂപ്പുകൾ കൃത്യമായ ഇടവേളകളിൽ യോഗം ചേരാതിരിക്കുന്നതും എല്ലാ അംഗങ്ങളും യോഗങ്ങളിൽ പങ്കെടുക്കാത്തതും മോണിറ്ററിംഗ് ചുമതല നിർവ്വഹിക്കാതിരിക്കുന്നതും പദ്ധതിരൂപീകരണ/ നിർവ്വഹണപ്രവർത്തനങ്ങളെയും ലക്ഷ്യപ്രാപ്തിയേയും പ്രതികൂലമായി ബാധിക്കുന്നതാണ്.

<u>ജനറൽ, എസ്.സി.പി.വിഭാഗം ഫണ്ടുകൾ വരവുചെലവുപത്രികയിലും എ.സി.ആറിലും കണക്കുകൾ പൊരുത്തപ്പെടുന്നില്ല</u>

വാർഷികപദ്ധതിയ്ക്ക് വകയിരുത്തിയതും ചെലവഴിച്ചതുമായ ജനറൽ/എസ്.സി.പി വിഭാഗം വികസനഫണ്ടിന്റെ വരവുചെലവുപത്രികപ്രകാരമുള്ള കണക്കുകൾ ബന്ധപ്പെട്ട ഗ്രാന്റുകളുടെ എ.സി.ആർ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഗ്രാന്റ് | വരവുചെലവുപത്രിക പ്രകാരം വകയിരുത്തൽ | എ.സി.ആർ പ്രകാരം വരവ് | വരവുചെലവുപത്രിക പ്രകാരം ചെലവ് | എ.സി.ആർ പ്രകാരം ചെലവ് |
|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 36280649 | 31286000 | 27783277 | 25513156 |
| വികസനഫണ്ട് (എസ്.സി.പി) | 15282182 | 14404000 | 10982069 | 10764831 |

വരവുചെലവുകണക്കിലെ പൊരുത്തക്കേടുകൾ വിശദീകരിക്കപ്പെട്ടിട്ടില്ല. കണക്കിലെ പൊരുത്തക്കേടുകൾ വിശദീകരിക്കേണ്ടതും അപാകത പരിഹരിക്കേണ്ടതുമാണ്.

<u>94.12ലക്ഷം രൂപയുടെ വാർഷികപദ്ധതിവിഹിതം നഷ്ടമായി</u>

പദ്ധതിപ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പാക്കാതിരുന്നതിനാൽ പ്രോജക്ടുകൾ പൂർത്തിയാക്കാൻ താമസിക്കുകയും ട്രഷറിയിൽ ബില്ലുകൾ സമർപ്പിക്കാൻ വൈകുകയും സാമ്പത്തികവർഷത്തിന്റെ അവസാനമാസങ്ങളിൽ നൽകിയ ബില്ലുകൾ പാസാകാതെ വരികയും ചെയ്തതിനാൽ 94.12ലക്ഷം രൂപയുടെ പദ്ധതിവിഹിതത്തുക ചെലവഴിക്കാനാകാതെ നഷ്ടമായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗ്രാന്റ് | സർക്കാർ അനുവദിച്ച തുക | ബ്ലോക്ക്പഞ്ചായത്ത് ചെലവഴിച്ച തുക | ചെലവവിക്കാതെ നഷ്ടമായതുക |
|---|---|---|---|
| വികസനഫണ്ട്-ജനറൽ | 31286000 | 25513156 | 57,72,844 |
| എസ്.സി.പി | 14404000 | 10764831 | 36,39,169 |
| ആകെ | | | 94,12,013 |

പദ്ധതി ആസൂത്രണ/രൂപീകരണ പ്രവർത്തനങ്ങളിലെ സമയക്ലിപ്തത നിർവ്വഹണ നടപടിക്രമങ്ങളിലും പാലിക്കേണ്ടതും വികസനപദ്ധതികൾക്കായി ലഭ്യമാകുന്ന ധനസഹായം പൂർണ്ണമായും ഫലപ്രദമായും വിനിയോഗിക്കേണ്ടതുമാണ്.

## 1-4 ആഭ്യന്തരനിയന്ത്രണസംവിധാനം

സ്ഥാപനത്തിന്റെ ആഭ്യന്തരനിയന്ത്രണസംവിധാനം തൃപ്തികരമാണ്. ഓഫീസ് ഉത്തരവുകൾ പ്രകാരം ജോലിവിഭജനം നടത്തുകയും സെക്ഷനുകൾ ചെയ്യുന്ന ജോലികൾ മേൽനിരീക്ഷണം നടത്തുകയും ചെയ്തിട്ടുണ്ട്.. സെക്ഷനുകളിൽ പേഴ്സണൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നു. നിർവ്വഹണഉദ്യോഗസ്ഥർ ഗുണഭോക്തൃവിഹിതം പിരിക്കുന്നതിന് ഔദ്യോഗികമായ രസീതുകൾ ഉപയോഗിക്കുന്നില്ല എന്ന അപാകമൊഴിച്ചാൽ മറ്റ് അപാകങ്ങളൊന്നും ശ്രദ്ധയിൽപ്പെട്ടില്ല.

## 1-5 ക്യാഷ് വേരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 29-02-2020 ൽ 3.30 പി.എം.-ന് ഹെഡ് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ കാഷ് നീക്കിയിരിപ്പ് ഇല്ല എന്ന് ബോധ്യപ്പെട്ടു.

## 1-6 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 08.07.2019 മുതൽ 15.07.2019 വരെ | 01.04.2018 മുതൽ 31.03.2019 വരെ | 05.08.2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 14.03.2018 മുതൽ 21.03.2018 വരെ | 2013-14 മുതൽ 2016-17 വരെ | 10.05.2018 |

## 1-7 വാർഷിക കണക്കുകളുടെ അവലോകനം

ബ്ലോക്ക്പഞ്ചായത്ത് കമ്മറ്റിയുടെ 14-5-19-ലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച് ഓഡിറ്റിന് സമർപ്പിച്ച 2018-19 ലെ വാർഷിക ധനകാര്യപത്രികയുടെ ഭാഗമായ റസീപ്റ്റ്സ് ആന്റ് പേയ്മെന്റ് പത്രിക പ്രകാരമുള്ള

വർഷാരംഭ മുന്നിരിപ്പ് 15038557/- രൂപയും തൻവർഷ വരവ് 67468722/- രൂപയും തൻവർഷചെലവ് 74185105/- രൂപയും വർഷാവസാന നീക്കിയിരിപ്പ് 8322174/- രൂപയും ആകുന്നു. തൻവർഷത്തെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ആകെ വരുമാനം 64481531/-രൂപയും ആകെ ചെലവ് 62974905/- രൂപയും ആകുന്നു. മുൻകാല അക്കൗണ്ടിംഗ് ക്രമീകരണത്തിലൂടെ വരുമാനമായി കണക്കാക്കിയ 1150/- രൂപ കിഴിച്ച് തൻവർഷത്തെ പ്രവർത്തനമിച്ചം 1505476/- രൂപയായും കണക്കാക്കിയിട്ടുണ്ട്. 31.3.19 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തി മൂല്യം 80369454/- രൂപയും ജനറൽ ഫണ്ട് ഒഴികെയുള്ള ബാധ്യത 57406439 രൂപയും അന്നേ ദിവസത്തെ ജനറൽ ഫണ്ട് പൊസിഷൻ 229630015/- രൂപയും ആകുന്നു. മേൽ വിവരിച്ച പ്രകാരമുള്ള ധനകാര്യപത്രികകൾ പരിശോധിച്ചതിൽ ഓഡിറ്റ് വേളയിലും നിലനിൽക്കുന്ന അപാകതകൾ ചുവടെ ചേർക്കുന്നു.

1) 26.7.2011ലെ ജി.ഒ.(എം.എസ്.)152/11 എൽ.എസ്.ജി.ഡി.യിലെ നിർദ്ദേശം പാലിച്ച് പഞ്ചായത്തിന്റെ ആസ്തികൾ അക്കൗണ്ട് ചെയ്തിട്ടില്ല. ആസ്തി ബാദ്ധ്യതകളുടെ കൃത്യമായ മൂല്യനിർണ്ണയം നടത്തിയിട്ടില്ലാത്തതിനാൽ പഞ്ചായത്ത് ഫണ്ടിന്റെ കൃത്യത ഉറപ്പാക്കാനായില്ല. തൻവർഷം ആസ്തി, ക്യാപിറ്റൽ എന്നിവയിലേക്ക് മാറ്റിയ തുകകളുടെ വർക്ക്ഷീറ്റ് തയ്യാറാക്കിയിട്ടില്ലാത്തതിനാൽ ക്യാപിറ്റൽ കോൺട്രിബ്യൂഷന്റെ കൃത്യത ഉറപ്പാക്കാനായില്ല.

2) സർക്കാർ ഇതര ഗ്രാന്റുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വിവിധ ഏജൻസികളിൽ നിന്നും ലഭിച്ച തുകകൾ, (RP 31 പ്രകാരം)നീക്കിയിരിപ്പായി B4 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയ തുകകൾ എന്നിവയുടെ കൃത്യത ബോദ്ധ്യപ്പെട്ടിട്ടില്ല.

3) തൻവർഷം പാർട്ട്ബിൽ നൽകിയ തുകകൾ ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസായി B11 (a) ഷെഡ്യൂളിൽ രേഖപ്പെടുത്തിയ തുകയുമായി പൊരുത്തപ്പെടുന്നില്ല.

4) റസീപ്റ്റ് ആന്റ് പേയ്മെന്റ് പത്രികയിൽ കോൺട്രാക്ടേഴ്സ് റിട്ടൻഷൻ എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയ വരവുചെലവ് തുകകൾ ഡെപ്പോസിറ്റ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

5) തൻവർഷം വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് വർക്കുകൾക്ക് നൽകിയ 38,45,000/- രൂപയുടെ വിനിയോഗസാക്ഷ്യപത്രം ലഭിച്ചിരുന്നില്ല. എന്നാൽ ഈ തുക B18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

6) RP6, RP36 എന്നീ ഷെഡ്യൂളിൽ ഉൾപ്പെടുത്തിയ തുകകളുടെ കൃത്യത പരിശോധിക്കാനുള്ള രേഖകൾ ലഭ്യമാക്കിയില്ല.

7) രസീത് നം. 118060100006/14.08.2018 പ്രകാരം 2130/- രൂപ ഓഡിറ്റ് റിക്കവറിയിനത്തിൽ അടവാക്കിയിട്ടുണ്ടെങ്കിലും ആയത് ധനകാര്യപത്രികയിൽ പ്രതിഫലിക്കുന്നില്ല

തുടർവർഷങ്ങളിൽ വാർഷികകണക്കുകൾ മേൽ അപാകതകൾ പരിഹരിച്ച് തയ്യാറാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

# 1-8 രസീത് പരിപാലനം-പൊതുനിർദ്ദേശങ്ങൾ

1) രസീത് പ്രകാരം ബ്ലോക്ക് പഞ്ചായത്തിൽ അടവാക്കുന്ന തുകകൾ ട്രഷറിയിൽ/ബാങ്കിൽ അടവാക്കുന്ന വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.

2) വിവിധ നിർവ്വഹണോദ്യോഗസ്ഥർക്ക് ലഭ്യമാക്കിയിരിക്കുന്ന മാനുവൽ രസീത് ബുക്കുകൾ ഓരോ സാമ്പത്തിക വർഷാന്ത്യത്തിലും തിരികെ വാങ്ങി പരിശോധന നടത്തി ആവശ്യമെങ്കിൽ വീണ്ടും ഇഷ്യൂ ചെയ്യേണ്ടതാണ്. മേൽ വിവരങ്ങൾ രസീത് ബുക്കുകളുടെ സ്റ്റോക്കിൽ രേഖപ്പെടുത്തേണ്ടതുമാണ്.

# 1-9 വനിതാ ക്യാന്റീൻ - പ്രവർത്തനരഹിതം

ബ്ലോക്ക് പഞ്ചായത്തിനു വിട്ടുകിട്ടിയ സ്ഥാപനമായ തലയോലപ്പറമ്പ് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ പ്രവർത്തിച്ചിരുന്ന വനിതാ ക്യാന്റീൻ (പട്ടികജാതി വിഭാഗം) നിലവിൽ പ്രവർത്തിക്കുന്നതായി കാണുന്നില്ല. ക്യാന്റീൻ പ്രവർത്തനത്തിനായി ആവശ്യമുള്ള ഉപകരണങ്ങൾ ബ്ലോക്ക് പഞ്ചായത്ത് കൈമാറിയതായി ബന്ധപ്പെട്ട ഫയലിൽ നിന്നും മനസ്സിലാകുന്നു. കാന്റീൻ നിലവിൽ പ്രവർത്തിക്കാത്തതിന്റെ കാരണങ്ങൾ, കൈമാറിയ

ഉപകരണങ്ങളുടെ വിവരങ്ങൾ എന്നിവ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.1/02.03.2020) നൽകിയ മറുപടിയിൽ 2018 ഏപ്രിൽ 2 വരെ ക്യാന്റീൻ പ്രവർത്തിച്ചിരുന്നതായും പിന്നീട് ക്യാന്റീൻ നടത്തിക്കൊണ്ടുപോകുന്നതിന് പട്ടികജാതി സഹകരണസംഘങ്ങൾ മുന്നോട്ട് വരാത്തതിനാലാണ് പ്രവർത്തിക്കാത്തതെന്നും അറിയിച്ചു. ക്യാന്റീൻ പ്രവർത്തനത്തിനായി ബ്ലോക്ക് പഞ്ചായത്ത് കൈമാറിയ ഉപകരണങ്ങൾ നിലവിൽ ക്യാന്റീൻ നടത്തിയിരുന്ന മുറിയിൽ ഉപയോഗശൂന്യമായി കിടക്കുന്നതായി ഭൗതികപരിശോധനയിൽ ബോധ്യപ്പെട്ടു. ഇവയിൽ മിക്സി, ഗ്രൈൻഡർ തുടങ്ങിയ ഇലക്ട്രോണിക് ഉപകരണങ്ങളുമുണ്ട്. പഞ്ചായത്ത് ഭരണസമിതി മേൽ വിഷയം ചർച്ച ചെയ്യേണ്ടതും ഉചിതമായ തീരുമാനങ്ങൾ കൈക്കൊള്ളേണ്ടതുമാണ്.

## 1-10 കൊയ്ത്ത് മെതി യന്ത്രം - നിലവിൽ ഉപയോഗശൂന്യം

ബ്ലോക്ക് പഞ്ചായത്തിന്റെ വാടക വരവുമായി ബന്ധപ്പെട്ട് ഓഡിറ്റിന് ലഭ്യമാക്കിയ രേഖകൾ പരിശോധിച്ചതിൽ ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കൊയ്ത്ത്മെതിയന്ത്രം 2015 ജൂലയ് മാസം വരെ വാടകയ്ക്ക് നൽകിയിരുന്നത് നിലവിൽ വാടകയ്ക്ക് നൽകുന്നതായി കാണുന്നില്ല. കൊയ്ത്ത്മെതിയന്ത്രം വാടകയ്ക്ക് നൽകാത്തതിന്റെ കാരണങ്ങൾ, പ്രസ്തുത യന്ത്രത്തിന്റെ നിലവിലെ സ്ഥിതിവിവരങ്ങൾ എന്നിവ രേഖാമൂലം ഓഡിറ്റിനെ അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി 1/02.03.2020) നൽകിയ മറുപടിയിൽ ക്വട്ടേഷൻ ക്ഷണിച്ചെങ്കിലും ആരും ക്വട്ടേഷനുകൾ സമർപ്പിക്കാത്തതിനാലാണ് വാടകയ്ക്ക് നൽകാത്തതെന്ന് അറിയിച്ചു. ക്വട്ടേഷൻ ക്ഷണിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. കൊയ്ത്ത്മെതിയന്ത്രം അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കുന്നതിന് കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ കോട്ടയത്തെ അറിയിച്ചിട്ടുള്ളതാണെന്നും മറുപടി നൽകി. കൊയ്ത്ത്മെതിയന്ത്രം ഉപയോഗയോഗ്യമാക്കി ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന കർഷകർക്ക് പ്രയോജനം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-11 ഇ-ടെണ്ടർ - തൻവർഷത്തെ ടെൻഡർ ഫീസ് ബ്ലോക്ക് പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് മാറ്റിയില്ല

തൻവർഷം ബ്ലോക്ക്പഞ്ചായത്തിൽ ഇ-ടെൻഡർ മുഖേന നടപ്പാക്കിയ വേലകളുടെ ടെൻഡർഫീസ് ഇനത്തിലുള്ള തുക എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിലുള്ള അക്കൗണ്ടിൽനിന്നും ബ്ലോക്ക്പഞ്ചായത്തിന്റെ തനതുഫണ്ട് അക്കൗണ്ടിലേക്ക് ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം.& പ്രോജക്ടിന്റെ പേര് | ലഭിച്ച ടെണ്ടറുകളുടെ എണ്ണം | ടെണ്ടർ ഫീസ് 18% GST ഉൾപ്പെടെ | ആകെ ടെണ്ടർ ഫീസ് |
|---|---|---|---|---|
| 1 | 2 ആരുപ്പള്ളി ചളവേലി റോഡ് സൈഡുകെട്ട് മണ്ണ് ഫില്ലിംഗ് | 22 | 1120 | 2240 |
| 2 | പുതുശ്ശേരി മനയ്ക്കച്ചിറ റോഡ് സൈഡ് കെട്ട് | 2 | 1120 | 2240 |
| 3 | വൈപ്പേൽ പിടി പള്ളിക്കുന്ന് റോഡ് റീ ടാറിംഗ് | 2 | 1120 | 2240 |
| 4 | കോളകം തോട് ആഴം കൂട്ടൽ | 3 | 1120 | 3360 |
| 5 | ഇടയാറ്റ്പാടം പൈന്താറ്റിൽ ഭാഗംതോട് ആഴം കൂട്ടൽ | 3 | 1120 | 3360 |
| 6 | ഞീഴൂർ വലിയതോട് ചെക്ക്ഡാം | 1 | 1120 | 1120 |
| 7 | കുറിച്ചിക്കരി വെള്ളാശ്ശേരി വാലാച്ചിറ പാടശേഖരം വാച്ചാർ കൈത്തോട് | 2 | 1120 | 2240 |
| 8 | കല്ലറ മാലിക്കരി പാടം കോൺക്രീറ്റ് പൈപ്പ് കോട്ട വാച്ചൽ മമ്പള്ളിപ്പാടംപുറ ബണ്ട് ആച്ചാംകര റിംഗ് ബണ്ട് | 1 | 1120 | 1120 |
| 9 | ആലങ്കേരി മോട്ടോർ ഷെഡ് | 1 | 1120 | 1120 |
| 10 | അറുന്നൂറ്റിമംഗലം സി.എച്ച്.സി യ്ക്ക് ഐ എസ് ഒ | ൨൨2 | 1120 | 2240 |

| | | | | |
|---|---|---|---|---|
| | സർട്ടിഫിക്കേഷൻ | | | |
| 11 | തലയോലപ്പറമ്പ് ചിറക്കുളം വാച്ചാൽ നിർമ്മിക്കുക | 2 | 1120 | 2240 |
| 12 | ഞീഴൂർ കണ്ണങ്കരയത്ത് നീരാളക്കോട് റോഡ് ടാറിംഗ് റീ ടാറിംഗ് വ | 2 | 1120 | 2240 |
| 13 | വെള്ളൂർ വടകര സെറ്റിൽമെന്റ് കോളനി വട്ടകുന്നപ്പുഴ എസ്.സി കോളനി അടിസ്ഥാന സൗകര്യ വികസനം | 2 | 1120 | 2240 |
| 14 | തലയോലപ്പറമ്പ് സി.എച്ച്.സി അടിസ്ഥാന സൗകര്യ വികസനം | 5 | 1846 | 9230 |
| 15 | വേലംതുരുത്ത് പൂത്തൻകോട് പുഞ്ചമുണ്ടി തോട് ചെക്ക്ഡാം | 1 | 1120 | 1120 |
| 16 | കടുത്തുരുത്തി വാലാച്ചിറ പാടം മോട്ടോർ അനുബന്ധ പൈപ്പ് ലൈൻ മാത്താ കരി സി ബ്ലോക്ക് വാച്ചാൽ നിർമ്മാണം | 3 | 1230 | 36903690 |
| 17 | പയ്യാട്ട പടി കോട്ടാത്ത് നിരത്ത് റോഡ് സൈഡ് കെട്ട് റീടാറിംഗ് | 1 | 1120 | 1120 |
| 18 | വെള്ളൂർ തണ്ണിപ്പള്ളി തോട് ആഴം കൂട്ടൽ | 4 | 1120 | 4480 |
| 19 | ഞീഴൂർ കണ്ണങ്കരയത്ത് നീരാളക്കോട് റോഡ് ടാറിംഗ് റീ ടാറിംഗ് | 1 | 1337 | 1337 |
| 20 | കല്ലറ വിരുത്തിക്കരി വലിയ കരി തോട് ആഴം കൂട്ടൽ | 2 | 1120 | 2240 |
| 21 | കീഴൂർ ആപ്പാംചിറകലുങ്ക് അപ്രോച്ച് റോഡ് സൈഡ് കെട്ടൽ | 2 | 1120 | 2240 |
| 22 | മുട്ടച്ചിറ ഞായിപ്പള്ളി തോട് സംരക്ഷണം | 3 | 1120 | 3360 |
| 23 | ആപ്പാഞ്ചിറ തോട് ചെക്ക്ഡാം | 2 | 1120 | 2240 |
| 24 | ഞീഴൂർ മടത്തക്കാട്ട് മേപ്പാടം കോളനി അടിസ്ഥാന സൗകര്യ വികസനം | 2 | 2240 | 4480 |
| 25 | വെള്ളൂർ പഞ്ചായത്ത് 16-ാം വാർഡ് തൊട്ടറ പുഞ്ച 19-ാം വാർഡ് പുത്തൻകരി എന്നീ പാടശേഖരങ്ങളിൽ വാച്ചാൽ നിർമ്മാണം | 2 | 1721 | 3442 |
| 26 | വനിത ടെയ്‌ലറിംഗ് സെന്റർ മെയിന്റനൻസ് | 3 | 1344 | 4032 |
| 27 | മുളക്കുളം വി ഇ ഒ ഓഫീസ് കോമ്പൗണ്ടിൽ ഷി-ടോയ്‌ലറ്റ് | 2 | 952 | 1904 |
| 28 | തലയോലപ്പറമ്പ് സി.എച്ച്.സി അറ്റകുറ്റപ്പണി | 2 | 1120 | 2240 |
| 29 | ക്രിമിറ്റോറിയം | 2 | 2800 | 5600 |
| 30 | കല്ലറ ഗ്രാമപഞ്ചായത്തിൽ എച്ച് ഡബ്ല്യു എൽ പി സ്കൂളിലെ കെട്ടിട നിർമ്മാണം | 2 | 2800 | 5600 |
| 31 | കല്ലറ ഗ്രാമപഞ്ചായത്തിലെ ഗവൺമെന്റ് വെൽഫെയർ സ്കൂളിലെ ക്ലാസ്സ് റൂം നിർമ്മാണം | 2 | 2800 | 5600 |
| 32 | പട്ടികജാതി കോളനികളിൽ സോളാർ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | 1 | 2800 | 2800 |
| 33 | വെള്ളൂർ വടകര സെറ്റിൽമെന്റ് കോളനിവട്ടകുന്നപ്പുഴ എസ്.സി കോളനി അടിസ്ഥാന സൗകര്യ വികസനം | 1 | 2800 | 2800 |
| ആകെ | | | | |

ചീഫ് എഞ്ചിനീയറുടെ 17-08-2017 ലെ DB1/7942/2010/CE/LSGD നം സർക്കുലർ പ്രകാരം ഇ-ടെൻഡറുമായി ബന്ധപ്പെട്ട ഫീസുകൾ ഒടുക്കുന്നതിനായി എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും SBIയിൽ ഒരു കറണ്ട് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകിയിരുന്നു. എന്നാൽ കടുത്തുരുത്തി ബ്ലോക്ക്പഞ്ചായത്ത് ഇത്തരത്തിൽ ഒരു അക്കൗണ്ട് ആരംഭിച്ചിട്ടില്ല. സർക്കുലർ നിർദ്ദേശം പാലിച്ച് അക്കൗണ്ട് ആരംഭിച്ച് ടെൻഡർ ഫീസ് തുക പ്രസ്തുത അക്കൗണ്ടിൽ ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ മുൻവർഷങ്ങളിലുൾപ്പെടെ

ഈയിനത്തിൽ എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിലവശേഷിക്കുന്ന തുക ബ്ലോക്ക് പഞ്ചായത്തിന്റെ തനതു ഫണ്ടിലേക്ക് ലഭ്യമാകുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

## 1-12 കൃഷി അസിസ്റ്റന്റ് ഡയറക്ടർ നടപ്പാക്കിയ പ്രോജക്ടുകളിലെ അപാകതകൾ

പ്രോജക്ട് നമ്പർ - 87/18-19

ഭൂവിസ്തൃതിക്കു ആനുപാതികമായി നെൽകൃഷിക്കു കൂലിച്ചെലവ് നൽകുന്നതിനു വിഭാവനം ചെയ്യുന്നതാണ് പ്രോജക്ട്. എന്നാൽ നെൽ കർഷകരുടെ അപേക്ഷ, കൃഷിഭൂമിയുടെ വിസ്തൃതി സംബന്ധിച്ച കരമടച്ച രസീത് തുടങ്ങിയ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.4/04.03.2020) ലഭ്യമാക്കിയ മറുപടിയിൽ രേഖകൾ കല്ലറ കൃഷി ഭവനിൽ സൂക്ഷിച്ചിട്ടുണ്ടെന്ന് അറിയിച്ചു. രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-13 പട്ടികജാതി വിദ്യാർത്ഥികൾക്ക് ഉന്നതപഠനത്തിനു ധനസഹായം - അധികതുക അനുവദിച്ചു

നിർവ്വഹണോദ്യോഗസ്ഥൻ - പട്ടികജാതി വികസന ഓഫീസർ

ബിൽ നം - 1/18-19 തീയതി 11.12.18 75,5000/-

2/18-19 തീയതി 27.12.18 227000/-

3/18-19 തീയതി 31.12.18 18000/-

1) 14/02/2018 ലെ സ.ഉ.(കൈ)നം.22/18/ത.സ്വ.ഭ.വ ഖണ്ഡിക 7.2.5 പ്രകാരം സംസ്ഥാന സർക്കാരോ കേന്ദ്ര സർക്കാരോ സർക്കാരുകൾ ചുമതലപ്പെടുത്തിയ ഏജൻസികളോ നടത്തുന്നതായ എല്ലാത്തരം കോഴ്സുകളിലേയ്ക്കും യോഗ്യത നേടി പഠനം നടത്തിവരുന്ന എല്ലാ വിദ്യാർത്ഥികൾക്കും മേൽ പ്രോജക്ട് പ്രകാരം സ്ഥാപനമേധാവിയുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ നിശ്ചിതനിരക്കിൽ സ്കോളർഷിപ്പ് നൽകാവുന്നതാണ്.

എന്നാൽ പട്ടികജാതി വികസന ഓഫീസർ മേൽ ഉത്തരവിൽ പറഞ്ഞിരിക്കുന്നതിലും അധികമായ നിരക്കിൽ സ്കോളർഷിപ്പ് നൽകിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര് | കോഴ്സ് | നൽകിയ തുക | നൽകേണ്ടിയിരുന്ന തുക | അധികമായി നൽകിയ തുക |
|---|---|---|---|---|---|
| 1 | അനുഷ അശോകൻ | എച്ച് ഡി സി & ബി എം | 20000 | 15000 | 5000 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ (ഓഡിറ്റ് എൻക്വയറി 5/4.03.2020) അധികമായി അനുവദിച്ച തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി അധികമായി അനുവദിച്ച തുക 5,000/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

2)മേൽ പ്രോജക്ടിൽ ഒരേ കോഴ്സിനു പഠിക്കുന്ന അപേക്ഷകർക്ക് വ്യത്യസ്ത നിരക്കിൽ സ്കോളർഷിപ്പ് അനുവദിച്ചിരിക്കുന്നതായി കാണുന്നു. ബിൽ നം.1/18-19 തീയതി 11.12.18 പ്രകാരം ബിരുദവിദ്യാർത്ഥിക്ക് 20000 രൂപ അനുവദിച്ചിരിക്കുന്നതായി കാണുന്നു. എന്നാൽ ബിൽ നം. 2/18-19 തീയതി 27.12.18 ബിരുദവിദ്യാർത്ഥിക്ക് 13500/- രൂപ അനുവദിച്ചതായും കാണുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.5/04.03.2020)

ലഭ്യമാക്കിയ മറുപടിയിൽ 27.12.18-ൽ ഫണ്ടിന്റെ അപര്യാപ്തത നിമിത്തമാണ് കുറഞ്ഞ നിരക്കിൽ ധനസഹായം അനുവദിച്ചതെന്ന് അറിയിച്ചു. ഒരേ പ്രോജക്റ്റിൽ ഒരേ മാനദണ്ഡത്തിൽ വ്യത്യസ്ത നിരക്കിൽ ധനസഹായം അനുവദിക്കേണ്ടുന്ന സാഹചര്യം ഒഴിവാക്കുന്ന തരത്തിൽ പ്രോജക്റ്റുകൾ വിഭാവനം ചെയ്ത് നടപ്പിൽ വരുത്തേണ്ടതാണ്.

# 1-14 മണിയാഞ്ചിറപാടത്ത് മോട്ടോർപുരയും മോട്ടോറും സ്ഥാപിക്കൽ- പ്രോജക്ട് നാളിതുവരെ ലക്ഷ്യം കൈവരിച്ചിട്ടില്ല

| | |
|---|---|
| പ്രോജജക്റ്റ് നമ്പർ | 62/19 |
| സാങ്കേതികാനുമതി നം. | 42592/16-17 |
| അടങ്കൽ | 5555555( 500000വികസനഫണ്ട് +55555 ഗുണഭോക്തൃവിഹിതം) |
| ചെലവ് | 210369/- ( ബിൽ നമ്പർ- 2/5-4-19) |
| കരാറുകാരൻ | റ്റി.എസ്.അശോകൻ |
| അളവുപുസ്തകം | 40/17-18 |

വെള്ളൂർ പഞ്ചായത്തിൽ മണിയാഞ്ചിറപാടത്ത് മോട്ടോർപുരയും മോട്ടോറും സ്ഥാപിക്കുന്നതിനും പള്ളിത്താഴെ പാടശേഖരത്തിന് പറക്കുഴി നിർമ്മിക്കുന്നതിനുമായി 2016-17-ൽ ആവിഷ്കരിച്ചതാണ് മേൽപ്രോജക്റ്റ്. പ്രസ്തുത പ്രോജക്റ്റിന് ടെൻഡർ/റീടെൻഡർ നടപടികൾ സ്വീകരിച്ചെങ്കിലും ടെൻഡറുകൾ ലഭിക്കാതിരുന്നതിനാൽ ക്വട്ടേഷനിലൂടെ ശ്രീ.റ്റി.എസ്.അശോകൻ എന്നയാളെ പ്രവൃത്തി ഏൽപ്പിക്കുകയാണുണ്ടായത്. തൻവർഷം പ്രവൃത്തി നടപ്പാക്കാത്തതിനാൽ 2017-18-ൽ സ്പിൽ ഓവറായി തുടരുകയും 20-4-17-ൽ കരാറിലേർപ്പെട്ട് സ്ഥലം കൈമാറുകയും ചെയ്തതായി ഫയലിൽനിന്നും വ്യക്തമാകുന്നു. കരാർപ്രകാരം 20-8-17-ൽ പൂർത്തീകരിക്കേണ്ടിയിരുന്നുവെങ്കിലും പൂർത്തിയാക്കിയിരുന്നില്ല. തുടർന്ന് പലതവണ കരാറുകാരന് നേരിട്ടും രേഖാമൂലവും അറിയിപ്പ് നൽകിയതിനെ തുടർന്ന് മണിയാഞ്ചിറ പാടത്തിനുസമീപം മോട്ടോർപുര നിർമ്മിക്കുകയും 10എച്ച്.പി-യുടെ (കിർലോസ്കർ ) മോട്ടോർ വാങ്ങുകയും ചെയ്തു. ആയതിന് വികസനഫണ്ടിൽനിന്നും 210369/- ചെലവാകുകയും ചെയ്തിട്ടുണ്ട് (തൻവർഷത്തെ ബിൽ ക്യൂവിലായത് 5-4-19-ലാണ് പാസ്സായിട്ടുള്ളത്).

6-3-2020-ൽ നടത്തിയ സ്ഥലപരിശോധനയിൽ പ്രോജക്റ്റ് പ്രകാരം വാങ്ങിയ മോട്ടോർ ഉപയോഗിക്കാതെ വാങ്ങിയ കവറിൽത്തന്നെ മോട്ടോർപുരയിൽ സൂക്ഷിച്ചിരിക്കുന്നതായി കണ്ടു. ഒരുവർഷമായി ഉപയോഗിക്കാതിരിക്കുന്ന മോട്ടോറിന്റെ ഭാഗങ്ങൾ തുരുമ്പെടുക്കാനുള്ള സാധ്യതയും കാണുന്നു.



*ഉപയോഗിക്കാതെ വാങ്ങിയ കവറിൽത്തന്നെ സൂക്ഷിച്ചിരിക്കുന്ന 10 എച്ച്.പി. മോട്ടോർ*

ഇലക്ട്രിക് കണക്ഷൻ ഇല്ലാത്തതിനാലാണ് മോട്ടോർ ഉപയോഗിക്കാനാകാത്തതെന്ന് കരാറുകാരൻ അറിയിച്ചു. എന്നാൽ ഇലക്ട്രിഫിക്കേഷനും വൈദ്യുതകണക്ഷൻ ലഭ്യമാകുന്നതിനും നാളിതുവരെ നടപടികൾ സ്വീകരിക്കാതിരുന്നതിന്റെ കാരണം വ്യക്തമല്ല. ബ്ലോക്ക്പഞ്ചായത്തോ ഗ്രാമപഞ്ചായത്തോ ആയതിനുള്ള പ്രോജക്റ്റ് ആവിഷ്കരിച്ചിട്ടുമില്ല. മാത്രമല്ല വെള്ളം പമ്പ് ചെയ്യുന്നത് ഒഴുകി പാടത്തേക്ക് പോകുന്നതിനുള്ള സംവിധാനങ്ങളും

നിലവിൽ ഇല്ല. എക്സിറ്റ് മീറ്റിംഗിൽ വിഷയം ശ്രദ്ധയിൽപ്പെടുത്തിയതിനെതുടർന്ന് മോട്ടോർ ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് വാർഡ് മെമ്പർ അറിയിച്ചതായി ബന്ധപ്പെട്ട ഡിവിഷൻമെമ്പർ അറിയിച്ചു. വാങ്ങിയ മോട്ടോർ നശിച്ചുപോകാതെ നിശ്ചിതലക്ഷ്യത്തിനായി പ്രയോജനപ്പെടുത്തുന്നതിനും പ്രോജക്ട് ലക്ഷ്യം കൈവരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-15 എസ്.സി കോളനിയുടെ അടിസ്ഥാനസൗകര്യ വികസനം - വഴി സൗകര്യമില്ലാത്തതിനാൽ പ്രോജക്ട് നടപ്പാക്കാനായില്ല

| | |
|---|---|
| പ്രോജക്ട് നം. | 33/17, *18, 60/*19 |
| വകയിരുത്തൽ | 500000/- (വികസനഫണ്ട് എസ്.സി.പി) |
| ചെലവ് | 375354 (ബിൽ നമ്പർ- 29-3-18)<br><br>27203 (ബിൽ നമ്പർ- 1/ 30-6-18)<br><br>402557/- |
| കരാറുകാരൻ | ബിജു പീറ്റർ |

കടുത്തുരുത്തി ഗ്രാമപഞ്ചായത്തിലെ പുളിഞ്ചുവട് എസ്.സി സെറ്റിൽമെന്റ് കോളനിയുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി 2016-17 വാർഷികപദ്ധതിയിൽ അംഗീകാരം ലഭിച്ചതാണ് മേൽപ്രോജക്ട്. പ്രസ്തുത പ്രോജക്ടിന്റെ ഭാഗമായി 2017-18, 2018-19 വർഷങ്ങളിലായി മേൽപ്പറഞ്ഞപ്രകാരം ആകെ 4,02,557/- രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ടിന്റെ ഭാഗമായി കരിങ്കല്ലുകൊണ്ട് സംരക്ഷണഭിത്തി കെട്ടുന്നതിനുള്ള പ്രവൃത്തി ഇനങ്ങൾ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതിയും ലഭിച്ചിരുന്നു(റ്റി.എസ്.നം.5114/2016-17). 18-1-17-ൽ കരാറുകാരൻ സ്ഥലം ഏറ്റെടുത്തിരുന്നു. കരാർപ്രകാരം 18-4-17-ൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്നു. എന്നാൽ കരാറുകാരൻ പ്രവൃത്തി ആരംഭിക്കാതിരുന്നതിനാൽ 15-10-17-നുമുൻപായി പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണെന്നും അല്ലാത്തപക്ഷം മരാമത്തുചട്ടപ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും കാണിച്ച് കരാറുകാരന് രേഖാമൂലം അറിയിപ്പ് നൽകിയിരുന്നതായി ഫയലിൽ കാണുന്നു(അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറുടെ 13-9-17-ലെ എബി ജിഎൽ/16-17 നമ്പർ കത്ത്). പ്രവൃത്തി സ്ഥലത്ത് സാധനങ്ങൾ ഇറക്കുന്നതിന് വഴിസൗകര്യമില്ലായെന്നും പ്രസ്തുത വിവരം ബന്ധപ്പെട്ട ഡിവിഷൻ മെമ്പറേയും വാർഡ് മെമ്പറേയും അറിയിച്ചിരുന്നതാണെന്നും വഴിസൗകര്യം ഏർപ്പെടുത്തി നൽകുന്നതാണെന്ന് ഉറപ്പുനൽകിയിരുന്നതാണെന്നും കരാറുകാരൻ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർന്ന് ആറ് മാസങ്ങൾക്കുശേഷം 23-3-18-ൽ കോളനിനിവാസികളുടെ ആവശ്യമനുസരിച്ച് കോളനിയിലേക്കുള്ള വഴി കോൺക്രീറ്റ് ചെയ്യുന്നതിനായി പ്രോജക്ടിന്റെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുകയും ചെയ്തു. ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1)പട്ടികജാതി കോളനിയുടെ അടിസ്ഥാനസൗകര്യവികസനത്തിനായി പ്രോജക്ട് ആവിഷ്കരിക്കുന്നതിനുമുൻപ് ബന്ധപ്പെട്ട കോളനിനിവാസികളുടെ യോഗം ചേർന്ന് അടിസ്ഥാനാവശ്യങ്ങളുടെ മുൻഗണനാക്രമം നേരിൽ ബോധ്യപ്പെട്ട് ആയതിന്റെ അടിസ്ഥാനത്തിൽ പ്രോജക്ട് രൂപീകരിക്കുന്നതിനുള്ള നടപടികൾ ബന്ധപ്പെട്ട അധികാരികളുടേയും ഉദ്യോഗസ്ഥരുടേയും ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല.

2)കോളനിയിൽ സംരക്ഷണഭിത്തി കെട്ടുന്നതിനായി ബ്ലോക്ക്പഞ്ചായത്ത് ആവിഷ്കരിച്ച പ്രോജക്ട് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് യോഗത്തിലും സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങളിലും അജണ്ടയിലുൾപ്പെടുത്തിയിരുന്നതായി കാണുന്നില്ല.

3)പട്ടികജാതി പട്ടികവർഗ്ഗ വർക്കിംഗ് ഗ്രൂപ്പിന്റെ 2016-17 മുതലുള്ള യോഗ മിനിറ്റ്സ് പരിശോധിച്ചതിൽ അടിസ്ഥാനസൗകര്യവികസനം എന്ന പൊതുനിർദ്ദേശമല്ലാതെ ഓരോ കുടുംബത്തിന്റേയും ആവശ്യകത മനസ്സിലാക്കി പ്രത്യേക പദ്ധതിനിർദ്ദേശമായി ഉൾപ്പെടുത്തിയിട്ടില്ല.

4)എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുമുൻപ് സ്ഥലം സന്ദർശിക്കുകയോ സൈറ്റ് പ്ലാൻ തയ്യാറാക്കുകയോ ചെയ്തതിന്റെ രേഖകളില്ല്ല.

5)കോളനി നിവാസികളുടെ ആവശ്യാർത്ഥം കോളനിയിലേക്കുള്ള വഴി കോൺക്രീറ്റിംഗിനായി എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതായി ഫയലിൽ രേഖപ്പെടുത്തുകയും റിവൈസ്ഡ് എസ്റ്റിമേറ്റ് ഫയലിൽ സൂക്ഷിക്കുകയും ചെയ്തിട്ടുണ്ടെങ്കിലും ഇപ്രകാരം എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിന് ഭരണസമിതിയുടെ മുൻകൂർ അനുമതി വാങ്ങുകയോ എസ്റ്റിമേറ്റ് റിപ്പോർട്ട്, വിശദമായ എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കുകയോ ചെയ്തിട്ടില്ല.

അപാകത സംബന്ധിച്ച് രേഖാമൂലം വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ വാർഡ്മെമ്പറുടെ നിർദ്ദേശാനുസരണമാണ് പ്രസ്തുത പ്രോജക്ട് വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തിയതെന്ന് അറിയിച്ചു. എന്നാൽ സൈറ്റിൽ സാധനങ്ങൾ ഇറക്കാനുള്ള ബുദ്ധിമുട്ട് കാരണം കരാറുകാരൻ പണി തുടങ്ങാതിരിക്കുകയും കല്ലുകെട്ടിന് പകരം വഴി നന്നാക്കിയാൽ മതിയെന്ന് കോളനിയിലെ താമസക്കാർ ആവശ്യപ്പെട്ടതനുസരിച്ചാണ് എസ്റ്റിമേറ്റ് റിവൈസ് ചെയ്തതെന്ന് അസിസ്റ്റന്റ് എൻജിനീയർ വിശദീകരിക്കുകയുണ്ടായി.

കോളനി നേരിൽ സന്ദർശിച്ചതിൽ മെയിൻറോഡിൽനിന്നും കോളനിയിലേക്കുള്ള വഴിയുടെ തുടക്കത്തിലുള്ള 40 മീറ്റർ ഭാഗം ഇടുങ്ങിയതും സഞ്ചാരയോഗ്യമല്ലാത്ത അവസ്ഥയിലുമാണ്. പ്രസ്തുത ഭാഗം കഴിഞ്ഞുള്ള 70 മീറ്റർ നീളത്തിൽ ആണ് പ്രോജക്ട് പ്രകാരം കോൺക്രീറ്റ് ചെയ്തിട്ടുള്ളത്. ആയതിനുള്ള സാധനങ്ങൾ സ്വകാര്യവ്യക്തി താൽക്കാലികമായി വിട്ടുനൽകിയ സ്ഥലത്തുകൂടിയാണ് എത്തിച്ചിട്ടുള്ളതെന്ന് കോളനിനിവാസികൾ അറിയിച്ചു. മേൽ സാഹചര്യത്തിൽ പ്രസ്തുത കോളനിയുടെ അടിസ്ഥാനസൗകര്യവികസനത്തിന്റെ ഭാഗമായി വഴി സൗകര്യത്തിന് പ്രഥമപരിഗണന നൽകി പ്രോജക്ട് ആവിഷ്കരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-16 - (എ) ആയാംകുടി 17-ാം വാർഡ് വായനശാല പുതുശേരിക്കര റോഡ് തൊണ്ടുങ്കൽ വരവുകാലാ - റോഡ് പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ -പ്രോജക്ട് സംബന്ധിച്ച്

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ട് നമ്പർ 85/19 ആയാംകുടി 17-ാം വാർഡ് വായനശാല പുതുശേരിക്കര റോഡ് തൊണ്ടുങ്കൽ വരവുകാലാ റോഡ് പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ എന്ന പ്രോജക്ട് പ്രകാരം വികസനഫണ്ടിൽ നിന്നും ആകെ 262000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ ബിൽ നമ്പർ 58/18-19/ 29.20.03.19 പ്രകാരം പിൻവലിച്ച 262000/- രൂപ പ്രോജക്ട് നടത്തിപ്പിനായി കേരള വാട്ടർ അതോറിറ്റിയിൽ ഒടുക്കിയിരുന്നു. പ്രോജക്ട് പൂർത്തീകരിച്ച് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി, പി.എച്ച്.ഡിവിഷൻ, കടുത്തുരുത്തിയിൽ നിന്നും 29.11.2019ൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ട്. ചെലവ് സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| സാധനങ്ങളുടെ ചെലവ് | 94896/- |
| വർക്കിംഗ് ചാർജ് | 89365/-രൂപ |
| സെന്റേജ് ചാർജ് | 23782/-രൂപ |
| ആകെ | 208043/-രൂപ |
| അടവാക്കിയതിൽ ബാലൻസ് തുക | 53957/-രൂപ |

സെന്റേജ് ചാർജ് തുക എസ്റ്റിമേറ്റിൽ കാണിച്ചിരുന്നതിലും നിരക്കിൽ വർദ്ധനവ് ഉള്ളതായി കാണുന്നു. എസ്റ്റിമേറ്റ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മെറ്റീരിയൽ തുക | 109985.60 |
| വർക്കിംഗ് ചാർജ് | 120164.76 |
| കവർ സ്ലാബ് നിർമ്മാണം | 7674.80 |
| സെന്റേജ് നിരക്ക് @ | 10 % |
| സെന്റേജ് തുക | 23782.68 |
| സെന്റേജ് ഉൾപ്പടെ തുക | 261607.68 |
| റൗണ്ട് ഓഫ് | 392.32 |
| ആകെ | 262000/ |

എസ്റ്റിമേറ്റിലെ മെറ്റീരിയൽ തുക, വർക്കിംഗ് ചാർജ്, കവർ സ്ലാബ് നിർമ്മാണം എന്നീ ഇനങ്ങളിലായി പ്രോജക്ട് ചെലവിന്റെ ആകെ തുകയുടെ 10%മാണ് സെന്റേജ് നിരക്കായി എസ്റ്റിമേറ്റിൽ കാണിച്ചിരുന്നത്. ലഭ്യമാക്കിയ വിനിയോഗ സാക്ഷ്യപത്രം പ്രകാരം ആകെ പ്രോജക്ട് ചെലവ് 184261/- രൂപ മാത്രമാണ്. ഇത് പ്രകാരം അനുവദിക്കാവുന്ന സെന്റേജ് തുക 18426/- (10 % 184261/-) രൂപ മാത്രമാണ്. സെന്റേജ് ചാർജ് എസ്റ്റിമേറ്റിൽ കാണിച്ചിരുന്നതിലും അധിക നിരക്കിൽ നൽകിയതിനും ചെലവഴിക്കാതെ അവശേഷിക്കുന്ന 53957/- രൂപ തിരികെ ഒടുക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 9/18-19 ന് 22.04.2020ൽ എച്ച്എ-367/2020 തീയതി 19.03.2020 പ്രകാരം ഓഫീസിൽ ലഭ്യമാക്കിയ മറുപടിയിൽ വാട്ടർ അതോറിറ്റിയിൽ നിന്നുള്ള വിശദീകരണം ലഭ്യമാക്കിയിരുന്നു. എന്നാൽ ലഭ്യമാക്കിയ മറുപടി പരാമർശം ഒഴിവാക്കാൻ പര്യാപ്തമല്ലാത്തതിനാൽ അപാകത നിലനിർത്തുന്നു. ചെലവഴിക്കാതെ അവശേഷിക്കുന്ന തുക തിരികെ നൽകാം എന്നറിയിച്ചിട്ടുള്ളതിനാൽ തുക തിരികെ ഈടാക്കി സർക്കാരിലേയ്ക്ക് അടവാക്കേണ്ടതാണ്.

## 1-16(ബി) മനക്കപ്പറമ്പ് - നടൂപ്പറമ്പ് എസ്.സി. കോളനി പൈപ്പ്ലൈൻ - അധികതുക ഈടാക്കിയത് സംബന്ധിച്ച്

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവഹണം നടത്തിയ വിവിധ പഞ്ചായത്തുകളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ (എസ്. സി) എന്ന പ്രോജക്ട് പ്രകാരം എസ്.സി.പി ഫണ്ടിൽ നിന്നും ആകെ 23,63,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ ബിൽ നമ്പർ 36/18-19/29.10.2018 പ്രകാരം പിൻവലിച്ച 10,93,000/- രൂപയിൽ 5,00,000/- രൂപ മുളക്കുളം ഗ്രാമപഞ്ചായത്തിലെ പതിനഞ്ചാം വാർഡിൽ മനക്കപ്പറമ്പ് - നടൂപ്പറമ്പ് എസ്.സി. കോളനി പൈപ്പ്ലൈൻ ദീർഘിപ്പിക്കൽ എന്ന പ്രോജക്ടിന് വേണ്ടി കേരള വാട്ടർ അതോറിറ്റിയിൽ ഒടുക്കിയിരുന്നതാണ്. പ്രോജക്ട് പൂർത്തീകരിച്ച് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി, പി.എച്ച്.ഡിവിഷൻ, കടുത്തുരുത്തിയിൽ നിന്നും 18.07.2019 ൽ AB3-2001/2016/KDY പ്രകാരം വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ട്. ചെലവ് സംബന്ധ്ച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| വർക്കിംഗ് ചാർജ് | 281765/രൂപ |
| പരസ്യ ചാർജ് | 2000/രൂപ |
| സെന്റേജ് ചാർജ് | 45422/രൂപ |
| ആകെ | 329187/രൂപ |
| അടവാക്കിയതിൽ ബാലൻസ് തുക | 170813/രൂപ |

വിനിയോഗ സാക്ഷ്യപത്രത്തിൽ കാണിച്ചിരിക്കുന്ന പരസ്യ ചാർജ് തുക എസ്റ്റിമേറ്റിൽ ഉൾപ്പെട്ടിരുന്നില്ല. മാത്രമല്ല സെന്റേജ് ചാർജ് തുക എസ്റ്റിമേറ്റിൽ കാണിച്ചിരുന്നതിലും അധികനിരക്കിൽ ഈടാക്കിയതായും കാണുന്നു. എസ്റ്റിമേറ്റ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മെറ്റീരിയൽ തുക | 130915.28 |
| വർക്കിംഗ് ചാർജ് | 317255.97 |
| കവർ സ്ലാബ് നിർമ്മാണം | 6046.20 |
| സെന്റേജ് നിരക്ക് @ | 10 % |
| സെന്റേജ് തുക | 45421.74 |
| സെന്റേജ് ഉൾപ്പടെ തുക | 499639.19 |
| റൗണ്ട് ഓഫ് | 360.81 |
| ആകെ | 500000/ |

എസ്റ്റിമേറ്റിലെ മെറ്റീരിയൽ തുക, വർക്കിംഗ് ചാർജ്, കവർ സ്ലാബ് നിർമ്മാണം എന്നീ ഇനങ്ങളിലായി പ്രോജക്ട് ചെലവിന്റെ ആകെ തുകയുടെ 10%മാണ് സെന്റേജ് നിരക്കായി എസ്റ്റിമേറ്റിൽ കാണിച്ചിരുന്നത്. ലഭ്യമാക്കിയ വിനിയോഗ സാക്ഷ്യപത്രം പ്രകാരം ആകെ പ്രോജക്ട് ചെലവ് 281765/രൂപ മാത്രമാണ്. ഇത് പ്രകാരം

അനുവദിക്കാവുന്ന സെന്റേജ് തുക 28176.5/ ( 10 % 281765/) രൂപാ മാത്രമാണ്. എസ്റ്റിമേറ്റിൽ ഉൾപ്പെടാത്ത ഇനമായ പരസ്യ ചാർജ് അനുവദിച്ചതിനും സെന്റേജ് ചാർജ് അധിക നിരക്കിൽ (10%ൽ) നൽകിയതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 8/18-19 ന് 22.04.2020ൽ എച്ച്എ-367/2020 തീയതി 19.03.2020 പ്രകാരം ഓഫീസിൽ ലഭ്യമാക്കിയ മറുപടിയിൽ വാട്ടർ അതോറിറ്റിയിൽ നിന്നുള്ള വിശദീകരണം ലഭ്യമാക്കിയിരുന്നു. എന്നാൽ ലഭ്യമാക്കിയ മറുപടി പരാമർശം ഒഴിവാക്കാൻ പര്യാപ്തമല്ലാത്തതിനാൽ അപാകത നിലനിർത്തുന്നു. ചെലവഴിക്കാതെ അവശേഷിക്കുന്ന തുക തിരികെ നൽകാം എന്നറിയിച്ചിട്ടുള്ളതിനാൽ തുക തിരികെ ഈടാക്കി സർക്കാരിലേയ്ക്ക് അടവാക്കേണ്ടതാണ്.

## 1-17 എെ.എസ്.ഒ. സർട്ടിഫിക്കേഷൻ - ഫർണിച്ചർ വാങ്ങൽ സംബന്ധിച്ച്

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണം നടത്തിയ എെ.എസ്.ഒ. സർട്ടിഫിക്കേഷൻ (നമ്പർ10/19) പ്രകാരം ബ്ലോക്ക് പഞ്ചായത്തിലേക്ക് മീനച്ചിൽ റബർവുഡ്സ് എന്ന സ്ഥാപനത്തിൽ നിന്നും ഫർണിച്ചറുകൾ വാങ്ങിയിട്ടുണ്ട്. GO(RT)25/2018/SPD തീയതി 18.07.2018 പ്രകാരം മീനച്ചിൽ റബർവുഡ്സ് എന്ന സ്ഥാപനത്തിൽ നിന്നും ക്വട്ടേഷൻ നടപടികൾ ഇല്ലാതെ വാങ്ങാവുന്ന ഫർണിച്ചറുകളുടെ ഇനവും വിലയും സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്ത് പ്രോജക്ട് പ്രകാരം വാങ്ങിയ ഫർണിച്ചറുകളിൽ ചില ഇനത്തിന് സർക്കാർ നിശ്ചയിച്ചതിലും അധികം വില നൽകിയിട്ടുള്ളതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഫർണിച്ചറിന്റെ ഇനം | ഫർണിച്ചറിന്റെ സ്പെസിഫിക്കേഷൻ | ഗവ.ഉത്തരവ് പ്രകാരം നൽകാവുന്ന വില | നൽകിയ വില | വ്യത്യാസം |
|---|---|---|---|---|---|
| 1 | എക്സിക്യൂട്ടീവ് ടേബിൾ വിത്ത് ക്യാബിൻ ഡ്രോ- ടി-54 | 1500 Lx 1050WX 760H | 20000/ | 22000/ | 2000/ |
| 2 | എക്സിക്യൂട്ടീവ് ടേബിൾ വിത്ത് ക്യാബിൻ ഡ്രോ വിത്ത് കംമ്പ്യൂട്ടർ വർക്ക് സ്റ്റേഷൻ | 1610Lx700Wx910Lx 750H | 39000/ | 42900/ | 3900/ |
| 3 | എക്സിക്യൂട്ടീവ് ചെയർ- C18 | 419Lx419Wx 864H | 6000 | 6600 | 600 |
| 4 | ഓഫീസ് ചെയർ വിത്ത് ആം, അപ്ഹോൾസ്റ്ററി മെട്രോ-സി1 | 500Lx 520Wx890H | 3500 | 3850 | 350 (350x28no= 9800) |
| 5 | വിസിറ്റേഴ്സ് ചെയർ വൈഡ്യൂര്യ2 | 1181Lx457Wx863H | 4500 | 4950 | 450 (450x4= 1800) |

സർക്കാർ ഉത്തരവിൽ പറഞ്ഞിട്ടുള്ളതിലും അധികമായി വില നൽകാനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 14/18-19ന് സർക്കാർ ഉത്തരവിൽ നികുതികളും, ട്രാൻസ്പോർട്ടേഷൻ ചാർജും ഉൾപ്പെടാതെയുള്ള നിരക്കാണ് നൽകിയിരിക്കുന്നതെന്നും സ്ഥാപനം ലഭ്യമാക്കിയ ഇൻവോയ്സ് പ്രകാരമുള്ള തുകയാണ് നൽകിയത് എന്ന വിശദീകരണം നൽകി. ഇത് ശരിയല്ല. മുകളിൽ കൊടുത്തിട്ടുള്ള പട്ടികയിൽ പറഞ്ഞിട്ടുള്ളതുപോലെ സർക്കാർ ഉത്തരവിൽ പറഞ്ഞിട്ടുള്ളതിലും അധിക നിരക്ക് നൽകി ആയതിന്റെ ആകെ തുകയുടെ 18% ശതമാനം നിരക്കിൽ ജിഎസ്ടി കണക്കാക്കിയിട്ടുണ്ട്. ഇപ്രകാരമുള്ള തുകയാണ് സ്ഥാപനത്തിന് നൽകിയിട്ടുള്ളത്. ട്രാൻസ്പോർട്ടേഷൻ ചാർജ് പ്രത്യേകം കാണിച്ചിട്ടില്ല. സാധനത്തിന്റെ വിലയിൽ ട്രാൻസ്പോർട്ടേഷൻ ചാർജ് എന്ന ഇനത്തിൽ വില വർദ്ധിപ്പിച്ച് കാണിക്കുകയും ആയതിന്റെ കൂടി ജിഎസ്ടി 18% കണക്കാക്കുകയും ചെയ്യുന്ന രീതി ക്രമപ്രകാരമല്ല. സാധനങ്ങൾക്ക് സർക്കാർ ഉത്തരവിൽ പറഞ്ഞിട്ടുള്ള വിലയും ആയതിന്റെ നികുതി നിരക്കും കണക്കാക്കി ആകെ ബിൽ തുക കണക്കാക്കുകയും ആയതിന്റെ കൂടെ യഥാർത്ഥ ട്രാൻസ്പോർട്ടേഷൻ ചാർജ് നൽകുകയുമാണ് ചെയ്യേണ്ടിയിരുന്നത്. ഇതിന് വിരുദ്ധമായി ട്രാൻസ്പോർട്ടേഷൻ ചാർജ് എന്ന അനുമാനത്തിൽ സർക്കാർ നിശ്ചയിച്ച നിരക്കിലും അധികനിരക്ക് സാധനങ്ങൾക്ക് ക്വോട്ട് ചെയ്തത് അംഗീകരിച്ച നടപടി ക്രമപ്രകാരമുള്ളതല്ല. ഇപ്രകാരം വിലകൂട്ടിയിട്ടതിന്റെ

മാനദണ്ഡം വിശദീകരിക്കപ്പെട്ടിട്ടുമില്ല. തൻമൂലം ജി.എസ്.ടി ഇനത്തിൽ കൂടുതൽ തുക ഒടുക്കേണ്ടി വന്നിട്ടുണ്ട്. മേൽ പട്ടികയിൽ പറഞ്ഞിട്ടുള്ള ഇനങ്ങൾക്ക് മാത്രമായി ട്രാൻസ്പോർട്ടേഷൻ ചാർജ് ഇനത്തിൽ 18100/- രൂപ സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. സ്ഥാപനത്തിന് അധിക തുക നൽകിയിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതും അപാകത ആവർത്തിക്കാതിരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

# 1-18 ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകൽ - അംഗീകൃത പ്രോജക്ടിൽ നിന്ന് വ്യതിചലിച്ച് തുക ചെലവഴിച്ചു

പ്രോജക്ട് നമ്പർ 15/19 കടുത്തുരുത്തി, തലയോലപ്പറമ്പ് എസ്.ടി. കോളനി അടിസ്ഥാന സൗകര്യവികസനം മെച്ചപ്പെടുത്തൽ എന്ന പ്രോജക്ട് പ്രകാരം ടി.എസ്.പി. ഫണ്ടിൽ നിന്നും 287000/- (ബിൽ നമ്പർ 19, 46/18-19) രൂപ പിൻവലിച്ച് തലയോലപ്പറമ്പ് ഗ്രാമ പഞ്ചായത്തിന് 100000/- രൂപയും, കടുത്തുരുത്തി ഗ്രാമ പഞ്ചായത്തിന് 187000/- രൂപയും നൽകിയിരുന്നു. കടുത്തുരുത്തി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 25.02.2020ലെ A3-100/2018 നമ്പർ കത്ത് പ്രകാരം 2018-19 സാമ്പത്തികവർഷം ബ്ലോക്ക് പഞ്ചായത്ത് നൽകിയ 187000/- രൂപ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി പ്രോജക്ടിന് ചെലവഴിച്ചിട്ടുള്ളതാണെന്ന് അറിയിച്ചിട്ടുണ്ട്. അംഗീകൃത പ്രോജക്ടിൽ നിന്ന് വ്യതിചലിച്ചതു സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 10/18-19/05.03.2020-ന് ലഭ്യമാക്കിയ മറുപടിയിൽ എസ്.ടി. കോളനി അടിസ്ഥാന സൗകര്യവികസനം മെച്ചപ്പെടുത്തൽ എന്ന പ്രോജക്ടിൽ ഉൾപ്പെടുത്തിയാണ് തുക നൽകിയിരുന്നതെന്നും കടുത്തുരുത്തി ഗ്രാമപഞ്ചായത്ത് പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി എന്ന പ്രോജക്ടിനായാണ് ടി തുക വിനിയോഗിച്ചത് എന്നുമാണ് അറിയിച്ചിട്ടുള്ളത്. എസ്.ടി. കോളനി അടിസ്ഥാന സൗകര്യവികസനം മെച്ചപ്പെടുത്തൽ എന്ന പ്രോജക്ടും, പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി എന്ന പ്രോജക്ടും വ്യത്യസ്തങ്ങളായ പ്രോജക്ടുകളാണ്. പൊതു പ്രോജക്ടിന് നൽകിയ തുക വ്യക്തിഗത പ്രോക്ടിന് ഉപയോഗിക്കുന്നത് ക്രമപ്രകാരമല്ല. ബ്ലോക്ക് വിഹിതം നൽകുന്ന തുക അംഗീകാരം ലഭിച്ച അതേ പ്രോജക്ടിനാണ് ചെലവ് ചെയ്യുന്നത് എന്ന് ഉറപ്പാക്കേണ്ടതാണ്.

# 1-19 സ്ഥലമെടുപ്പ് വിജ്ഞാപനത്തിന് പരസ്യ ചാർജ് നൽകിയത് സംബന്ധിച്ച്

മുളക്കുളം ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള നിലവിലുള്ള ശ്മശാനം ആധുനീകവൽക്കരിച്ച് ഗ്യാസ് ക്രിമിറ്റോറിയം നിർമ്മിക്കുന്നത് സംബന്ധിച്ച് ബഹു. ജില്ലാ കളക്ടറുടെ വിജ്ഞാപനം പൊതുജനങ്ങളുടെ അറിവിലേക്കായി മലയാള മനോരമ ദിനപത്രത്തിൽ 11.08.2018ൽ പ്രസിദ്ധീകരിക്കുന്നതിനായി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി കത്ത് നൽകിയിരുന്നു. ഈ ഇനത്തിൽ മലയാള മനോരമ ദിനപത്രത്തിന് 6300/- രൂപ ( ബിൽ നമ്പർ 20/18-19/ 15.09.18) നൽകിയിട്ടുണ്ട്. മുളക്കുളം ഗ്രാമപഞ്ചായത്തിന്റെ പ്രോജക്ടിന് കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ പദ്ധതി രൂപീകരണം മോണിട്ടറിംഗ് എന്ന പ്രോജക്ടിൽ ( പ്രോജക്ട് നമ്പർ 2/19) നിന്നും തുക ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 7/18-19/06.03.2020ന് ലഭ്യമാക്കിയ മറുപടിയിൽ ബ്ലോക്ക് പഞ്ചായത്ത് 2018-19ൽ ക്രിമിറ്റോറിയം നിർമ്മിക്കുന്ന പ്രോജക്ട് വിഭാവനം ചെയ്ത് ഏറ്റെടുത്തിരുന്നതിനാലാണ് പരസ്യം നൽകിയത് എന്നാണ് അറിയിച്ചിട്ടുള്ളത്. കളക്ടറുടെ വിജ്ഞാപനം റവന്യൂ ഡിപ്പാർട്ട്മെന്റ് നേരിട്ട് പരസ്യം നൽകുകയാണ് ചെയ്യുന്നത്. മാത്രമല്ല 2018-19 സാമ്പത്തിക വർഷം ക്രിമിറ്റോറിയം നിർമ്മിക്കുന്ന പ്രോജക്ടിനായി ബ്ലോക്ക് പഞ്ചായത്ത് തുകയൊന്നും ചെലവ് ചെയ്തിട്ടുമില്ല. ബ്ലോക്ക് പഞ്ചായത്തിന്റെ അനിവാര്യമായ ചെലവുകൾ മാത്രം ഏറ്റെടുത്ത് നടത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

# 1-20 മുച്ചക്രവാഹനം - ഗുണഭോക്താക്കൾ ലൈസൻസ് നേടിയിട്ടില്ല

ചൈൽഡ് ഡെവലപ്മെന്റ് പ്രോജക്ട് ഓഫീസർ നിർവഹണം നടത്തിയ വികലാംഗർക്കുള്ള സ്കൂട്ടർ വിത്ത് സൈഡ് വീൽ എന്ന പ്രോജക്ട് പ്രകാരം 25 ഗുണഭോക്താക്കൾക്ക് മുച്ചക്രവാഹനം വിതരണം ചെയ്തിട്ടുണ്ട്. പ്രോജക്ട് വിശകലനം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 07/2019 |
| പ്രേജക്ടിന്റെ പേര് | വികലാംഗർക്കുള്ള സ്കൂട്ടർ വിത്ത് സൈഡ് വീൽ |
| ഫണ്ടിനം | വികസനഫണ്ട് പൊതുവിഭാഗം |
| ചെലവ് തുക | 1548250/ |
| ബിൽ നമ്പർ തീയതി | 2/18-19/20.3.19= 1126000<br><br>4/18-19/ 20.3.19= 140750<br><br>6/18-19/26.3.19=281500 |

ലേണേഴ്സ് ലൈസൻസിന്റ അടിസ്ഥാനത്തിൽ വാഹനം നൽകുകയും 6 മാസത്തിനകം ലൈസൻസ് നേടി ഹാജരാക്കാം എന്ന് ഗുണഭോക്താക്കളുമായി കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ ഇപ്രകാരം വാഹനം ലഭിച്ച 13 ഗുണഭോക്താക്കൾ നാളിതുവരെ ലൈസൻസ് ഹാജരാക്കിയിട്ടില്ല എന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) ബാബുസ്കറിയ,വൈക്കത്തുകാരൻ, കടുത്തുരുത്തി ഗ്രാമ പഞ്ചായത്ത്

2) ലീസലാമ്മ എെസക്, കൊച്ചുപറമ്പിൽ, കടുത്തുരുത്തി ഗ്രാമ പഞ്ചായത്ത്

3)തോമസ് ഒ., ഇഞ്ചിക്കാലായിൽ, കടുത്തുരുത്തി ഗ്രാമ പഞ്ചായത്ത്

4) മണി പി.എ., പരവക്കാട്, കടുത്തുരുത്തി ഗ്രാമ പഞ്ചായത്ത്

5) വിജയപ്പൻ, വൃന്ദാവൻ, കടുത്തുരുത്തി ഗ്രാമ പഞ്ചായത്ത്

6)കുര്യൻ പി.ജെ, പാലക്കപ്രായിൽ, മുളക്കുളം ഗ്രാമ പഞ്ചായത്ത്

7)ലിസിക്കുട്ടി പി.എം., പന്തപ്പിള്ളിൽ, മുളക്കുളം ഗ്രാമ പഞ്ചായത്ത്

8)സുഗുണൻ റ്റി.റ്റി.,തട്ടുംപുറത്ത്, വെള്ളൂർ ഗ്രാമ പഞ്ചായത്ത്

9)ഗോപാലൻ.സി.എം., ചീരംകോട്ടിൽ, വെള്ളൂർ ഗ്രാമ പഞ്ചായത്ത്

10) അനന്തുഹരിദാസ്, കിടങ്ങിൽ,തലയോലപ്പറമ്പ് ഗ്രാമ പഞ്ചായത്ത്

11) സരോജിനി എൻ., നിരപ്പേൽ, ഞീഴൂർ ഗ്രാമ പഞ്ചായത്ത്

12) വൽസമ്മ തോമസ്, വടക്കേപാറവേലിൽ, കടുത്തുരുത്തി ഗ്രാമ പഞ്ചായത്ത്

13)കെ.എം.ചാക്കോ, ശിവനിലയം, വെള്ളൂർ ഗ്രാമ പഞ്ചായത്ത്

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 13/18-19 ന് ലഭ്യമാക്കിയ മറുപടിയിൽ നാളിതുവരെ ലൈസൻസ് ഹാജരാക്കിയിട്ടില്ലാത്ത 13 ഗുണഭോക്താക്കളുടേയും ലൈസൻസ് ഹാജരാക്കുന്നതാണ് എന്നും വികലാംഗർ എന്ന പദം തെറ്റായി ഉപയോഗിച്ചതാണ് എന്ന് അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ 13 മുച്ചക്രവാഹനങ്ങൾ വാങ്ങുന്നതിനായി ചെലവഴിച്ച 8,05,090/- (61930x13) രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-21 കടുത്തുരുത്തി ഗ്രാമ പഞ്ചായത്ത് വയോജന വിശ്രമ മന്ദിരം - പ്രോജക്ട് ലക്ഷ്യം കൈവരിച്ചിട്ടില്ല

കടുത്തുരുത്തി ഗ്രാമ പഞ്ചായത്ത് നിർമ്മിക്കുന്ന വയോജന വിശ്രമ മന്ദിരത്തിന് പ്രോജക്ട് നമ്പർ 53/19 പ്രകാരം വികസനഫണ്ടിൽ നിന്നും 484652/- രൂപ ബിൽ നമ്പർ 48/18-19/ 27.12.18 പ്രകാരം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നൽകിയിട്ടുണ്ട്. കടുത്തുരുത്തി ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 30.01.2020 ലെ A3-12010/2019 നമ്പർ കത്ത് പ്രകാരം ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭ്യമായ 484652/- രൂപ പൂർണ്ണമായി വിനിയോഗിച്ചിട്ടുണ്ട് എന്ന്

അറിയിച്ചിട്ടുണ്ട്. 06.03.2020ൽ ബ്ലോക്ക് പഞ്ചായത്ത് ജീവനക്കാരുടേയും ഗ്രാമ പഞ്ചായത്ത് ജീവനക്കാരുടേയും സാന്നിദ്ധ്യത്തിൽ സ്ഥലപരിശോധന നടത്തുകയുണ്ടായി. കടുത്തുരുത്തി ഗ്രാമ പഞ്ചായത്ത് 2016-17, (പ്രോജക്ട് നമ്പർ 114/17) 2017-18 (പ്രോജക്ട് നമ്പർ 110/18), 2018-19 (പ്രോജക്ട് നമ്പർ 224/19) വർഷങ്ങളിലായി തുടർന്നുവരുന്ന പ്രോജക്ടാണിത്. കടുത്തുരുത്തി ഗ്രാമപഞ്ചായത്ത് ഓഫീസിനായി പണിപൂർത്തിയായിട്ടുള്ള കെട്ടിടത്തിന്റെ പുറകുവശത്തായുള്ള സ്ഥലത്താണ് വിശ്രമകേന്ദ്രം നിർമ്മിക്കുന്നത്. പില്ലറുകൾ നിർമ്മിച്ച് റോഡ് ലെവലിൽ ഉയർത്തി റൂഫ് വാർത്ത് സെല്ലാർ പോർഷൻ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. ഈ ഭാഗത്തേക്കുള്ള പ്രവേശനമാർഗ്ഗം കുത്തനെയുള്ള സ്റ്റെപ്പുകൾ ഇറങ്ങിയുള്ളതാണ്. ഇത് വയോജനങ്ങൾക്ക് ബുദ്ധിമുട്ടാണ്. മാത്രമല്ല സെല്ലാർ പോർഷന്റെ മദ്ധ്യത്തിൽ നിറയെ വെള്ളമുള്ള കിണർ രണ്ടടി ഉയരത്തിൽ ചതുരാകൃതിയിൽ സംരക്ഷണഭിത്തി കെട്ടി ഇട്ടിരിക്കുന്നു.



*വയോജനവിശ്രമ കേന്ദ്രത്തിനായി നിർമ്മിക്കുന്ന കെട്ടിടത്തിന്റെ സെല്ലാർ ഭാഗം*



*വയോജനവിശ്രമ കേന്ദ്രം നിർമ്മിക്കാനുള്ള ഫ്ലോർ*

സെല്ലാർ പോർഷനിലല്ല വിശ്രമകേന്ദ്രം നിർമ്മിക്കുന്നതെന്നും സെല്ലാർ പോർഷന് മുകളിൽ റോഡ് ലെവലിൽ കെട്ടിടം നിർമ്മിച്ചാണ് വിശ്രമകേന്ദ്രം തുടങ്ങുന്നതെന്നുമാണ് ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചത്. നിലവിൽ വിശ്രമകേന്ദ്രത്തിന്റെ കെട്ടിട നിർമ്മാണം ആരംഭിച്ചിട്ടില്ല എന്നാണ് ഇത് വ്യക്തമാക്കുന്നത്. പ്രോജക്ട് ലക്ഷ്യം കൈവരിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ 4,84,652/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-22 വിനിയോഗ വിവരം ലഭ്യമായില്ല - ചെലവ് തടസ്സപ്പെടുത്തുന്നു

2018-19 സാമ്പത്തികവർഷം വിവിധ പ്രോജക്ടുകൾക്കായി കേരള വാട്ടർ അതോറിറ്റി, ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള വിവിധ പഞ്ചായത്തുകൾ എന്നീ സ്ഥാപനങ്ങൾക്ക് നൽകിയ മുൻകൂർ തുകകളിൽ വിനിയോഗ സാക്ഷ്യപത്രം നാളിതുവരെ ലഭ്യമാക്കാത്തവയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ | പ്രോജക്ട് നമ്പർ , പേര് | ഒടുക്കിയ | തുക ഒടുക്കിയ ഏജൻസി | ബിൽ | ഒടുക്കിയ തുകയിൽ |
|---|---|---|---|---|---|

| നമ്പർ | | തുക | | നമ്പർ തീയതി | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകാത്ത തുക |
|---|---|---|---|---|---|
| 1 | 20/19 കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ വിവിധ പഞ്ചായത്തുകളിൽ | 200000/- | കല്ലറ ഗ്രാമ പഞ്ചായത്തിലെ വല്ലേപ്പടി പോത്തളം റോഡ് പൈപ്പ് ലൈൻ ദീർഘിപ്പിക്കലിനായി കേരള വാട്ടർ അതോറിറ്റിയിൽ ഒടുക്കിയ തുക | 30/18-19/ 18.09.18 | 200000/- |
| 2 | 20/19 കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ വിവിധ പഞ്ചായത്തുകളിൽ | 200000/- | കല്ലറ ഗ്രാമ പഞ്ചായത്തിലെ മാധവപ്പള്ളി ലക്ഷം വീട് കോളനി പൈപ്പ് ലൈൻ ദീർഘിപ്പിക്കലിനായി കേരള വാട്ടർ അതോറിറ്റിയിൽ ഒടുക്കിയ തുക | 30/18-19/ 18.09.18 | 200000/- |
| 3 | 20/19 കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ വിവിധ പഞ്ചായത്തുകളിൽ | 520000/ രൂപ | കടുത്തുരുത്തി ഗ്രാമ പഞ്ചായത്തിലെ കപിക്കാട് മാഞ്ഞൂർ റോഡ് പൈപ്പ് ലൈൻ ദീർഘിപ്പിക്കലിനായി കേരള വാട്ടർ അതോറിറ്റിയിൽ ഒടുക്കിയ തുക | 30/18-19/ 18.09.18 | 520000/- |
| 4 | 20/19 കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ വിവിധ പഞ്ചായത്തുകളിൽ | 81000/- | കടുത്തുരുത്തി ഗ്രാമ പഞ്ചായത്തിലെ കപിക്കാട് പാറേത്താനം റോഡ് പൈപ്പ് ലൈൻ ദീർഘിപ്പിക്കലിനായി കേരള വാട്ടർ അതോറിറ്റിയിൽ ഒടുക്കിയ തുക | 30/18-19/ 18.09.18 | 81000/- |
| 5 | 20/19 കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ വിവിധ പഞ്ചായത്തുകളിൽ | 481000/- | വെള്ളൂർ ഗ്രാമ പഞ്ചായത്തിലെ ഇഞ്ചിക്കാലാ ചർച്ച് റോഡ് പൈപ്പ് ലൈൻ ദീർഘിപ്പിക്കലിനായി കേരള വാട്ടർ അതോറിറ്റിയിൽ ഒടുക്കിയ തുക | 30/18-19/ 18.09.18 | 481000/- |
| 6 | 22/ 18-19 കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ വിവിധ പഞ്ചായത്തുകളിൽ (എസ്.സി) | 290000/- | നീരൊഴുക്കിൽ ചേറുപറമ്പ് സെറ്റിൽമെന്റ് കോളനിക്കായി കേരള വാട്ടർ അതോറിറ്റിയിൽ ഒടുക്കിയ തുക | 36/18-19/ 29.10.18 | 290000/- |
| 7 | 22/18-19 കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ വിവിധ പഞ്ചായത്തുകളിൽ (എസ്.സി) | 90000/- | കല്ലിരിക്കുംകാലാസെറ്റിൽമെന്റ് കോളനിക്കായി കേരള വാട്ടർ അതോറിറ്റിയിൽ ഒടുക്കിയ തുക | 36/18-19/ 29.10.18 | 90000/- |
| 8 | 22/ 18-19 കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ വിവിധ പഞ്ചായത്തുകളിൽ (എസ്.സി) | 213000/- | ചന്ദ്രാമല മൂഴിക്കാട് എസ്.സി. കോളനിക്കായി കേരള വാട്ടർ അതോറിറ്റിയിൽ ഒടുക്കിയ തുക | 36/18-19/ 29.10.18 | 213000/- |
| 9 | 22/18-19 കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ വിവിധ പഞ്ചായത്തുകളിൽ (എസ്.സി) | 500000/- | മനക്കപ്പടി നടൂപ്പറമ്പ് എസ്.സി. കോളനിക്കായി കേരള വാട്ടർ അതോറിറ്റിയിൽ ഒടുക്കിയ തുക | 36/18-19/ 29.10.18 | 500000/- |
| 10 | 22/18-19 കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ വിവിധ പഞ്ചായത്തുകളിൽ (എസ്.സി) | 270000/- | ചേരുമലത്താഴം എസ്.സി. കോളനിക്കായി കേരള വാട്ടർ അതോറിറ്റിയിൽ ഒടുക്കിയ തുക | 38/18-19/ 31.10.18 | 270000/- |
| 11 | 22/18-19 കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ വിവിധ പഞ്ചായത്തുകളിൽ (എസ്.സി) | 500000/- | തലയോലപ്പറമ്പ് ഗ്രാമ പഞ്ചായത്തിലെ വിവിധ പ്രോജക്ടുകൾക്കായി കേരള വാട്ടർ അതോറിറ്റിയിൽ ഒടുക്കിയ തുക | 43/18-19- 24.11.18 | 500000/- |
| 12 | 55/19 ഞീഴൂർ ഗ്രാമ പഞ്ചായത്തിന്റെ ആധുനിക ശ്മശാനത്തിന് അനുബന്ധ സഹായം | 500000/- | ഞീഴൂർ ഗ്രാമ പഞ്ചായത്ത് | 25/18-19/ 19.9.18 | തുക ചെലവഴിച്ചിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട് |
| 13 | 54/19 കടുത്തുരുത്തി ഗ്രാമ പഞ്ചായത്തിന്റെ സമ്പൂർണ്ണ | 1000000/- | കടുത്തുരുത്തി ഗ്രാമ പഞ്ചായത്ത് | 49/18-19/ | 709751/- രൂപയുടെ വിനിയോഗ വിവരം |

| | | | | | |
|---|---|---|---|---|---|
| | മാലിന്യനിർമാർജനം | | | 5.01.19 | ലഭിച്ചു.ബാക്കി 290249/ രൂപ |
| 14 | 18/19 ലൈഫ് ഭവനപദ്ധതി പി.എം.എ.വൈ(എസ്.സി) | 589720/- | കല്ലറ ഗ്രാമ പഞ്ചായത്ത് | 9/18-19/ 13.7.18 22-18-19/ 15.9.18 | 300273/- ( 289447 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായി) |
| 15 | 18/19 ലൈഫ് ഭവനപദ്ധതി പി.എം.എ.വൈ(എസ്.സി) | 1188000/- | തലയോലപ്പറമ്പ് ഗ്രാമ പഞ്ചായത്ത് | 9/18-19/ 13.7.18 | 720000/- രൂപയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമായി ബാക്കി തുക 468000/- |
| 16 | 15/19 കടുത്തുരുത്തി തലയോലപ്പറമ്പ് എസ്.ടി. കോളനി അടിസ്ഥാന സൗകര്യ വികസനം | 100000/- | തലയോലപ്പറമ്പ് ഗ്രാമ പഞ്ചായത്ത് | | 57300/- (42700/- രൂപയുടെ വിനിയോഗ വിവരം ലഭ്യമായിട്ടുണ്ട്) |
| | ആകെ | | | | 4960822/-രൂപ |

മേൽ പ്രസ്താവിച്ച പ്രോജക്ടുകളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടുണ്ട് എങ്കിൽ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.11/19ന് ലഭ്യമാക്കിയ മറുപടിയിൽ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കാത്ത സാഹചര്യത്തിൽ 49,60,822/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-23 കാടാശ്ശേരി കോളനിയുടെ അടിസ്ഥാനസൗകര്യവികസനം- നടപടിക്രമങ്ങളിൽ അപാകതകൾ

| | |
|---|---|
| പ്രോജക്ട് | 69/19 -കാടാശ്ശേരി കോളനി- അടിസ്ഥാനസൗകര്യവികസനം |
| അടങ്കൽ | 500000/-(എസ്.സി.പി.ഫണ്ട്) |
| ചെലവ് | 439490/- |
| ബിൽ നമ്പർ | 20/28-12-18 |
| കരാറുകാരൻ | ലിജോ ഇമ്മാനുവൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എൻജിനീയർ |

മേൽ പ്രോജക്ടിന്റെ ഫയൽ പരിശോധിച്ചതിൽ നിർവ്വഹണനടപടിക്രമങ്ങളിൽ ചുവടെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1) <u>പ്രവൃത്തി പൂർത്തീകരിക്കാതെ പ്രോജക്ട് നിർവ്വഹണം അവസാനിപ്പിച്ചു.</u>

ഫയലിൽ സൂക്ഷിച്ചിട്ടുള്ള ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് പ്രകാരം പട്ടികജാതിവിഭാഗത്തിലുള്ള 16-ഉം പൊതുവിഭാഗത്തിലുള്ള 4-ഉം കുടുംബങ്ങളാണ് കോളനിയിലുള്ളത്. പ്രവൃത്തിയുടെ അളവു പുസ്തകം പരിശോധിച്ചതിൽ 3 കുടുംബങ്ങളുടെ വീടിന് ചുറ്റും മാത്രമേ സംരക്ഷണഭിത്തി കെട്ടിയിട്ടുള്ളൂ എന്ന് കണ്ടു. പ്രവൃത്തി സ്ഥലം നേരിട്ട് സന്ദർശിച്ചതിലും പ്രസ്തുത വിവരം ബോധ്യപ്പെട്ടിട്ടുള്ളതാണ്. നിർവ്വഹണഘട്ടത്തിലുണ്ടായ

അതിരുതർക്കം കാരണമാണ് എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തി യഥാസമയം പൂർത്തീകരിക്കാൻ സാധിക്കാതെ വന്നതെന്ന് നിർവ്വഹണോദ്യോഗസ്ഥൻ വിശദീകരിക്കുകയുണ്ടായി (എൻക്വയറി നം. 17/05.03.2019നുള്ള മറുപടി).

2) <u>പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കൽ – വ്യക്തതയില്ല</u>

അതിരുതർക്കം മൂലം പ്രവൃത്തി സമയപരിധിക്കകം പൂർത്തീകരിക്കാനാകാത്തതിനാൽ സമയം ദീർഘിപ്പിച്ച് ലഭിക്കുന്നതിന് 12-2-18-ൽ കരാറുകാരൻ നൽകിയ അപേക്ഷ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. അപേക്ഷയിൽ സമയം ദീർഘിപ്പിക്കാവുന്നതാണെന്ന് അസിസ്റ്റന്റ് എൻജിനീയർ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും എന്നുവരെ ദീർഘിപ്പിച്ചു എന്ന് രേഖപ്പെടുത്തിയിട്ടില്ല. അളവുപുസ്തകപ്രകാരം പ്രവൃത്തിയുടെ അവസാനമൂല്യനിർണ്ണയം നടത്തിയിട്ടുള്ളത് 12.12.2018ൽ മാത്രമാണ്. എന്നാൽ പിഴ ഈടാക്കിയിട്ടുമില്ല. അപാകത സംബന്ധിച്ച് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ടതിന് നിർവ്വഹണോദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടിയിൽ അതിര്‌തർക്കം കാരണമാണ് പണികൾ തടസ്സപ്പെട്ടതെന്നും കരാറുകാരന്റെ വീഴ്ച അല്ലെന്നും ആയതിനാലാണ് പിഴ ഈടാക്കാതിരുന്നതെന്നും വ്യക്തമാക്കിയിട്ടുണ്ട്.

പട്ടികജാതിവിഭാഗത്തിൽപ്പെട്ട ജനങ്ങളുടെ അടിസ്ഥാനസൗകര്യവികസനത്തിനായി ആവിഷ്കരിക്കുന്ന മരാമത്തു പ്രോജക്ടുകൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള പ്രാഥമിക നടപടികൾ ഗുണഭോക്താക്കളുടെ അഭിപ്രായങ്ങളും ആവശ്യങ്ങളും പരിഗണിച്ചുകൊണ്ടും പ്രവൃത്തിസ്ഥലം നേരിൽസന്ദർശിച്ച് ഗുണഭോക്താക്കളുടെ സാന്നിദ്ധ്യത്തിൽ സൈറ്റ്പ്ലാൻ തയ്യാറാക്കിയും നടത്തുന്നത് നിർവ്വഹണവേളയിലുണ്ടാകുന്ന തർക്കങ്ങൾ ഒഴിവാക്കുന്നതിനും പ്രവൃത്തികളുടെ സുഗമമായ പൂർത്തീകരണത്തിനും സഹായകമാകുന്നതാണ്. കൂടാതെ പൂർത്തീകരണത്തിലെ കാലതാമസവുമായി ബന്ധപ്പെട്ട് പിഴ ഈടാക്കുകയോ ഒഴിവാക്കുകയോ ചെയ്യുന്നത് നിയമാനുസരണമുള്ള എല്ലാ നടപടിക്രമങ്ങളും പാലിച്ചുകൊണ്ടായിരിക്കണമെന്നും ആയതിന്റെ രേഖകൾ ബന്ധപ്പെട്ട പ്രോജക്ട് ഫയലിൽ സൂക്ഷിക്കേണ്ടതാണെന്നും ഓഡിറ്റ് നിർദ്ദേശിക്കുന്നു.

# <u>ഭാഗം -2</u>

# <u>വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

### [<u>KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം</u>]

## 2-1 വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

മേൽ പരാമർശിത നിയമവ്യവസ്ഥകൾ പ്രകാരം ചാർജ് നടപടികൾക്ക് വിധേയമാക്കാവുന്ന പരാമർശങ്ങൾ ഇല്ല. ഭാഗം 1-ൽ ഉൾപ്പെടുത്തിയിട്ടുള്ള വരവ് സംബന്ധമായ ഖണ്ഡികകളിൽ പരാമർശിക്കുന്ന അപാകതകളിന്മേൽ ഭരണതല തുടർനടപടികൾ സ്വീകരിച്ച് ബാധകമായ നിയമങ്ങൾ പ്രകാരമുള്ള റിക്കവറി നടപടികളും തുടർ നടപടികളും സ്വീകരിക്കേണ്ടതാണ്.

# <u>ഭാഗം -3</u>

# <u>ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

### [<u>KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം</u>]

## 3-1 പട്ടികജാതി വിദ്യാർത്ഥികൾക്ക് ഉന്നതപഠനത്തിനു ധനസഹായം - മാർഗ്ഗരേഖാ നിർദ്ദേശത്തിനു വിരുദ്ധമായി അധികതുക അനുവദിച്ചു

നിർവ്വഹണോദ്യോഗസ്ഥൻ - പട്ടികജാതി വികസന ഓഫീസർ

ബിൽ നം - 1/18-19 തീയതി 11.12.18 7,55,000/-

2/18-19 തീയതി 27.12.18 2,27,000/-

3/18-19 തീയതി 31.12.18 18,000/-

1) 14/02/2018 ലെ സ.ഉ(കൈ)നം.22/18/ത.സ്വ.ഭ.വ ഖണ്ഡിക 7.2.5 പ്രകാരം സംസ്ഥാന സർക്കാരോ കേന്ദ്ര സർക്കാരോ സർക്കാരുകൾ ചുമതലപ്പെടുത്തിയ ഏജൻസികളോ നടത്തുന്നതായ എല്ലാത്തരം കോഴ്സുകളിലേക്കും യോഗ്യത നേടി പഠനം നടത്തിവരുന്ന എല്ലാ വിദ്യാർത്ഥികൾക്കും മേൽ പ്രോജക്ട് പ്രകാരം സ്ഥാപനമേധാവിയുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ നിശ്ചിതനിരക്കിൽ സ്കോളർഷിപ്പ് നൽകാവുന്നതാണ്.

എന്നാൽ പട്ടികജാതി വികസന ഓഫീസർ മേൽ ഉത്തരവിൽ പറഞ്ഞിരിക്കുന്നതിലും അധികമായ നിരക്കിൽ സ്കോളർഷിപ്പ് നൽകിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര് | കോഴ്സ് | നൽകിയ തുക | നൽകേണ്ടിയിരുന്ന തുക | അധികമായി നൽകിയ തുക |
|---|---|---|---|---|---|
| 1 | അനുഷ അശോകൻ | എച്ച് ഡി സി & ബി എം | 20000 | 15000 | 5000 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ (ഓഡിറ്റ് എൻക്വയറി -5/4.03.2020) അധികമായി അനുവദിച്ച തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി അധികമായി അനുവദിച്ച 5,000/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. അധികചെലവിന് നിർവ്വഹണോദ്യാഗസ്ഥനായ പട്ടികജാതി വികസനഓഫീസർ ഉത്തരവാദിയാണ്.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

**സംയുക്ത പ്രോജക്ടുകൾക്ക് തൻവർഷം തുകയൊന്നും ലഭിച്ചിട്ടില്ല.**

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

തൻവർഷം വിവിധ പ്രോജക്ടുകൾക്കായി നിർവ്വഹണ ഏജൻസികൾക്ക് കൈമാറിയിട്ടുള്ള തുകകളുടെ വിവരം ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | പ്രോജക്ട് നമ്പർ 20/19കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ വിവിധ പഞ്ചായത്തുകളിൽ | 1482000/ | 0 | 1482000/ |
| കേരള വാട്ടർ അതോറിറ്റി | പ്രോജക്ട് നമ്പർ 22/19കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ വിവിധ പഞ്ചായത്തുകളിൽ എസ്.സി.വിഭാഗം | 236000 | 0 | 236000 |
| കേരള വാട്ടർ അതോറിറ്റി | പ്രോജക്ട് നമ്പർ 85/19 ആയാംകുടി 17ാം വാർഡ് വായനശാല പുതുശേരിക്കര റോഡ് തൊണ്ടുങ്കൽ വരവുകാല റോഡ് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 262000 | 208043 | 53957 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

**ഈയിനത്തിൽ തൻവർഷം തുകയൊന്നും ചെലവഴിച്ചിട്ടില്ല**

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ ഇനത്തിൽ വരവ് ഇല്ല. മുൻവർഷങ്ങളിൽ ഐ.എ.വൈ ഭവനപദ്ധതിക്കായി എടുത്ത വായ്പത്തുക ഓഡിറ്റ് വർഷം തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്നതിന്റേയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നമ്പർ, തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക (മുതൽ) | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുണ്ടായുള്ള തുക |
|---|---|---|---|---|---|
| ഐ.എ.വൈ. ലോൺ | ജി.ഒ.(എം.എസ്) 90/13, ത.സ്വ.ഭ.വ 14.03.2013 | 2534500/ | 19,59,500/- | 9,59,500/- | 10,00,000/- |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 2130/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം/ തീയതി |
|---|---|---|---|---|
| 1998-99 | | 2130 | ജോസ്, മാക്കിയിൽ പുത്തൻപുര, മാഞ്ഞൂർസൗത്ത്, കോൺട്രാക്ടർ | 118060100006/ 14.08.2018 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2005-06 | 3-1 | 2007-08 | 3-3( 5-1) | റീ ഇംബേഴ്സ് തുക തിരിമറി നടത്തി | അക്കൗണ്ട്സ് കമ്മറ്റി പരിഗണിച്ചിട്ടില്ല |
| 2006-07 | 3-11 | 2009-10 | 3-11 പൊതുഅവലോകനം | കെ.എസ്.ഇ.ബി നിക്ഷേപ വേലകൾ പൂർത്തീകരിക്കാത്തത് | അക്കൗണ്ട്സ് കമ്മറ്റി പരിഗണിച്ചിട്ടില്ല |
| 2003-04 | 3-2 | 2006-07 | 3-3(1-!) | മരാമത്ത് പ്രവൃത്തികൾക്ക് മുൻകൂർ കൈപ്പറ്റി, പദ്ധതി ഉപേക്ഷിച്ചു | അക്കൗണ്ട്സ് കമ്മറ്റി പരിഗണിച്ചിട്ടില്ല |

# 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 67468722 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 74185105 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 5,000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 62,50,564 |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | -- | 5,000 | ശ്രീ.വി.ജി.ഗോപകുമാർ, പട്ടികജാതി വികസന ഓഫീസർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 8,05,090/- | ശ്രീമതി അംബിക എൽ., സി.ഡി.പി.ഒ. |
| 1-21 | 4,84,652/- | ശ്രീ.ഷിനോദ് പി.ആർ., സെക്രട്ടറി |
| 1-22 | 49,60,822/- | ശ്രീ.ഷിനോദ് പി.ആർ., സെക്രട്ടറി |
| ആകെ | 62,50,564/- | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.വി.ജി. ഗോപകുമാർ, പട്ടികജാതി വികസന ഓഫീസർ | പട്ടികജാതി വികസന ഓഫീസർ, കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് | വെള്ളാപ്പള്ളിൽ ഹൗസ് കല്ലാർ പി.ഒ., മുണ്ടിയെരുമ, ഇടുക്കി പി.ഒ. 685552 |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 1997-98 | എൽ.എഫ്.കെ.പി1/644/04തീയതി 23.10.14 | 01 |
| 1998-99 | എൽ.എഫ്.കെ.പി1/955/02തീയതി 26.5.03 | 06 |
| 1999-00 | എൽ.എഫ്.കെ.പി1/380/01തീയതി 25.10.12 | 15 |
| 2000-01,01-02 | എൽ.എഫ്.കെ.പി1/705/03തീയതി 12.4.04 | |

| | | |
|---|---|---|
| പ്ലാൻ | | |
| 2002-03 | എൽ.എഫ്.കെ.പി1/139/05തീയതി 2.7.05 | |
| 2003-04 | എൽ.എഫ്.കെ.പി1/472/06തീയതി 13.9.06/11.10.06 | |
| 2004-05 | എൽ.എഫ്.കെ.പി1/323/07തീയതി 25.10.12 | 08 |
| 2005-06 | കെഎസ്എ.കെടിഎം.പി.15-അദാ/18/808(2)/18, 07.05.18 | |
| 2006-07 | കെഎസ്എ.കെടിഎം.പി.15-അദാ/18/808(3)/18, 07.05.18 | |
| 2007-08 | എൽ.എഫ്.കെ.പി9/20/11 തീയതി 11.6.13 | |
| 2008-09 | എൽ.എഫ്.കെ.പി9/209/11 തീയതി 17.6.13 | |
| 2009-10 | കെഎസ്എ.കെടിഎം.പി.15-അദാ/18/808(4)/18, 07.05.18 | |
| 2010-11 | കെഎസ്എ.കെടിഎം.പി.15-അദാ/18/808(5)/18, 07.05.18 | 10 |
| 2011-12 | കെഎസ്എ.കെടിഎം.പി.15-അദാ/18/808(6)/18, 07.05.18 | 3 |
| 2012-13 | കെഎസ്എ.കെടിഎം.പി.15-അദാ/18/808(7)/18, 07.05.18 | 3 |
| 2013-14 | കെഎസ്എ.കെടിഎം.പി.15-അദാ/18/808(8)/18, 07.05.18 | 2 |
| 2014-15 | കെഎസ്എ.കെടിഎം.പി.15-അദാ/18/808(9)/18, 07.05.18 | 3 |
| 2015-16 | കെഎസ്എ.കെടിഎം.പി.15-അദാ/18/808(10)/18, 07.05.18 | 4 |
| 2016-17 | കെഎസ്എ-കെടിഎം.പി.15-380/17, 13.03.18 | 4 |
| 2017-18 | കെഎസ്എ-കെടിഎം.പി.15-637/19, 13.06.19 | |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

# അനുബന്ധം 1 ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ-കെ.ടി.എം.പി.15/305/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

ഫോൺ: 04812564886

ഇ-മെയിൽ: doktm.ksad@kerala.gov.in

തീയതി : 23.03.2020

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215- വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും **കോട്ടയം** ജില്ലയിലെ **കടുത്തുരുത്തി ബ്ലോക്ക്പഞ്ചായത്തിന്റെ** 2018-19 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **കടുത്തുരുത്തി ബ്ലോക്ക്പഞ്ചായത്തിന്റെ** 2018-19 ലെ വാർഷിക ധനകാര്യ പത്രിക വരവുചെലവു കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,കോട്ടയം